4.2

# സ്വപ്നങ്ങൾ വാക്കുകൾ

## ആമുഖം

**ചി**ല വാക്കുകൾ നമ്മെ ചിന്തിപ്പിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യും. നിലനിൽക്കുന്ന അനീതികളെയും അസമത്വങ്ങളെയും ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾക്കു പ്രേരകമായിത്തീരുന്ന വാക്കുകൾ ലോകാവബോധത്തെ കൂടുതൽ പ്രകാശമാനമാക്കുന്നു. ലോകത്തെ മുന്നോട്ടു നയിച്ച എല്ലാ മഹാന്മാരുടെയും ആശയങ്ങൾ മാനവജീവിതത്തെ അഗാധമായി സ്വാധീനിച്ചവയാണ്. നന്മ, സഹജീവിസ്നേഹം, പ്രകൃതിസംരക്ഷണമനോഭാവം, സമത്വബോധം തുടങ്ങിയ മാനവികമൂല്യങ്ങൾ വളരുന്നതും ഫലവത്താകുന്നതും ചില വാക്കുകളുടെയോ ആശയങ്ങളുടെയോ സ്വാധീനഫലമായായിരിക്കും.

ലോകം കണ്ട എല്ലാ മഹദ്വ്യക്തികളും മനുഷ്യസമൂഹത്തെ സ്വന്തം വാക്കുകൾകൊണ്ടും ചിന്തകൾകൊണ്ടും അഗാധമായി സ്വാധീനിച്ചവരാണ്. സാമൂഹ്യജീവിതത്തിലെ തിന്മകളെ ഇല്ലാതാക്കാനും മനുഷ്യസമൂഹത്തെ കൂടുതൽ കൂടുതൽ സംസ്കാരസമ്പന്നമാക്കി ഉയർത്തുന്നതിനുംവേണ്ടി മാർഗദർശനം നൽകിയവരാണ് ഇവർ. അടിമത്തവും അനീതിയും ഇല്ലാതാക്കാനും വേദനകളില്ലാത്ത ഒരു ലോകത്തെ സ്വപ്നം കാണാനും ഇവരിടെ വാക്കുകൾ പ്രചോദനമായിത്തീരുന്നു.

ആധുനികകാലത്ത് ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഫലമായി ലോകം പുരോഗതി നേടുകയും ജീവിതം മാറുകയും ചെയ്തു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ആശയങ്ങൾ, ചൂഷണവിമുക്തമായ സമൂഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ മുതലായവ ലോകത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. സമത്വവും സ്വാതന്ത്ര്യവും പുലരുന്ന ഒരു ലോകം സ്വപ്നം കാണാൻ ഇത്തരം വാക്കുകൾ പ്രചോദനമായിത്തീർന്നു.

വാക്കിന്റെ കലയായ സാഹിത്യത്തിന് അനുവാചകനെ മാനസികമായി സ്വാധീനിക്കാനും ശുദ്ധീകരിക്കാനും കഴിവുണ്ട്. ഓരോ വായനയിലും അവ നവംനവങ്ങളായ അർഥവും ആശയവും വെളിപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ അർഥത്തെക്കുറിച്ച് അവ നമ്മെ ഓർമ്മപ്പെടുത്തുന്നു. ആർത്തിയും അഹന്തയും നിറഞ്ഞ ജീവിതത്തെ ശുദ്ധീകരിച്ച് സ്നേഹവും നന്മയും കൊണ്ട് നിറയ്ക്കുന്നു. ഈ വലിയ ലോകത്തിനു മുന്നിൽ നാമെത്ര ചെറിയവനും നിസ്സാരനുമാണെങ്കിലും ലോകത്തെ പരിവർത്തിപ്പിക്കാൻ നമുക്ക് കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസം ഇത്തരം കൃതികളുടെ വായനയിലൂടെ നാമെടുക്കുന്നു.

സമകാലികമായ ഒരു പ്രസിദ്ധ ചെറുകഥ, മലയാളത്തിലെ പ്രമുഖമായ ഒരു കാവ്യ ഭാഗം, വിഖ്യാതമായ ഒരു പ്രസംഗത്തിന്റെ സംഗ്രഹം, പ്രസംഗകലയെക്കുറിച്ചുള്ള ഒരു അഭിമുഖം എന്നിങ്ങനെ വ്യത്യസ്തമായ സാഹിത്യരൂപങ്ങളിലൂടെയുള്ള ഒരു ഭാഷാനുഭവമാണ് ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നത്. വിവിധ സാഹിത്യരൂപങ്ങളുടെ സ്വഭാവം പരിചയപ്പെടുന്നതോടൊപ്പം വ്യക്തിയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനത്തിനായി ഭാഷയും സാഹിത്യവും എത്രമാത്രം പ്രയോജനപ്പെടുമെന്ന് തിരിച്ചറിയാനും കുട്ടികൾക്ക് സാധ്യമാവണം.

## പ്രവേശകപ്രവർത്തനം

ഒരു സെൻകഥയാണിത്. സന്ന്യാസിയുടെ പ്രവൃത്തി വെറും വിഡ്ഢിത്തമാണെന്ന് ഒറ്റവായനയിൽ ആർക്കും തോന്നാം. എന്നാൽ സന്ന്യാസിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം അറിയാതെ ചെയ്തുപോയ ഒരു തെറ്റ് തിരുത്തുക എന്നത് ഒരു വലിയ കാര്യമാണ്. അദ്ദേഹത്തെ സംബന്ധിച്ച് അതൊരു മഹത്തായ കർമ്മമാണ്. ഉറുമ്പിനെ കൊണ്ടുവിടാനുള്ള ഈ പോക്ക് പിന്നോട്ടല്ല, മുന്നോട്ടു തന്നെയാണെന്നാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഉറുമ്പിന് അതിന്റെ ജീവിതം സാരമാണ്.

വൃദ്ധസന്ന്യാസി ഉറുമ്പിനെ സഹജീവിയായി കാണുന്നു. കൂട്ടംതെറ്റിപ്പോയ ഉറുമ്പുകളുടെ വേദന സ്വന്തം വേദനയായി അദ്ദേഹത്തിന് അനുഭവപ്പെടുകയാണ്. തിരിച്ച് കൂട്ടുകാരോടൊപ്പം ചേരുമ്പോഴുള്ള ഉറുമ്പിന്റെ സന്തോഷമാണ് സന്ന്യാസിയുടെ സംതൃപ്തി. അത്തരം സന്തോഷം നൽകുന്ന സംതൃപ്തിയാണ് അദ്ദേഹത്തിന്റെ എല്ലാ യാത്രകളുടെയും ലക്ഷ്യം. തിരിച്ചു നടന്നാലും താൻ ലക്ഷ്യത്തിലെത്തുമെന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

> ***സെൻകഥകൾ***
> *കാഴ്ചക്ക് വളരെ ചെറുതെന്നു*
> *തോന്നുന്ന സെൻകഥകൾ*
> *നമ്മെ ഒരുപാട് ചിന്തിപ്പിക്കുന്നവയാണ്.*
> *ബോധോദയമാണ്*
> *ഈ കഥകളുടെ ലക്ഷ്യം.*
> *ചൈനയിൽവച്ച്*
> *ബുദ്ധമതാശയങ്ങളും താവോയിസവും*
> *സംഗമിച്ചുണ്ടായതാണ്*
> *സെൻ (ZEN)*

- വൃദ്ധസന്ന്യാസിയുടെ എന്തു മനോഭാവമാണ് ഈ പ്രവൃത്തിയിലൂടെ വെളിവാകുന്നത് എന്ന ചർച്ചയിൽ മനസ്സിൽ തോന്നുന്ന എല്ലാ ആശയങ്ങളും പ്രകടിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകണം.
- ആശയം പ്രകടിപ്പിക്കാൻ കുട്ടികൾ ഉപയോഗിക്കുന്ന ഭാഷ, അവരുടെ അഭിപ്രായത്തെ എത്രമാത്രം വ്യക്തവും പ്രകടവുമാക്കുന്നുണ്ട് എന്ന് വിലയിരുത്തണം.
- ചർച്ചയിലെ പ്രധാനാശയങ്ങൾ അധ്യാപിക ക്രോഡീകരിക്കണം.
    - ഓരോരുത്തരുടെയും സ്വപ്നങ്ങളാണ് അവരവരുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്.
    - അതിനിടയിൽ അറിയാതെ വന്നുപോകുന്ന പിഴവുകൾ തിരുത്തുക എന്നത് എല്ലാവർക്കും ആത്മസംതൃപ്തി നൽകുന്ന കാര്യമാണ്.

# 4.2.1 അടയ്ക്ക പെറുക്കുന്നവർ

**ചെ**റുകഥാവിഭാഗത്തിൽപ്പെട്ട ഒരു രചനയാണ് പാഠഭാഗം. സന്തോഷ് ഏച്ചിക്കാനത്തിന്റെ 'നരനായും പറവയായും' എന്ന സമാഹാരത്തിൽനിന്നെടുത്തതാണ് ഈ ചെറുകഥ. പുതിയ മലയാള ചെറുകഥകളുടെ സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു രചനയുമാണിത്. ഏതോ പ്രേരണയാൽ ചെറുപ്പകാലത്ത് അറിയാതെ ചെയ്തുപോയ ഒരു കളവും അതിനു ലഭിച്ച കഠിനമായ ശിക്ഷയും ഒരു ബാലന്റെ മനസ്സിൽ ഉണ്ടാക്കിയ വികാരവിചാരങ്ങൾ വളരെക്കാലത്തിനു ശേഷം മറ്റൊരു തരത്തിൽ പ്രതിഫലിക്കുന്നതാണ് കഥയുടെ പ്രമേയം.

താൻ മോഷ്ടിച്ച ഒരു കുല അടയ്ക്കയ്ക്കു പകരം ഒരു അടയ്ക്കാത്തോട്ടം തിരിച്ചു നൽകുകയാണ് ചന്ദ്രേട്ടൻ. അയാൾ എന്തിനാണിങ്ങനെ ചെയ്തത് എന്നത് വായനക്കാരെ ആലോചനയിൽ ആഴ്ത്തുന്നു. തന്നെ ക്രൂരമായി ശിക്ഷിച്ചതിനുള്ള മധുരമായ പ്രതികാരമാണോ? മണ്ണിനോടും പ്രകൃതിയോടും കൃഷിയോടുമുള്ള അഗാധമായ അടുപ്പമാണോ? അത് വായിച്ചെടുക്കലാണ് കഥയുടെ ആസ്വാദനത്തിലൂടെ സാധ്യമാവുന്നത്.

മനുഷ്യമനസ്സിന്റെ ചെയ്തികൾ പലപ്പോഴും യുക്തികൾക്ക് അതീതമായിരിക്കും. ചിലപ്പോഴത് സ്വപ്നങ്ങളേക്കാളും കെട്ടുകഥകളേക്കാളും വിചിത്രങ്ങളായിരിക്കും. ചന്ദ്രേട്ടൻ ഇതുവരെ എവിടെയായിരുന്നു? അയാൾ എങ്ങോട്ടാണ് തിരോധാനം ചെയ്തത്? എല്ലാം ഒരു പ്രഹേളികയായി വായനക്കാരന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കും. ജഗനിലൂടെയും രേഖയിലൂടെയും ചന്ദ്രേട്ടനെ വായിക്കാം. എന്നാൽ ചന്ദ്രേട്ടനിലൂടെ ചന്ദ്രേട്ടനെ വായിക്കാൻ ശ്രമിക്കുമ്പോഴാണ് ഈ കഥ ഏറ്റവും ആസ്വാദ്യമാവുന്നത്. കഥയുടെ പലതലങ്ങളിലുള്ള വായനയാണ് പ്രധാനം.

ചെറുകഥ എന്ന സാഹിത്യശാഖയുമായി അടുത്ത് പരിചയപ്പെടാനും ഇതുവരെ കേട്ടതിൽനിന്നും വായിച്ചതിൽനിന്നും വിഭിന്നമായി ഈ സാഹിത്യശാഖയുടെ സവി

**ചെറുകഥാസാഹിത്യം**

*പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ രൂപംകൊണ്ട പാശ്ചാത്യമായ ഒരു സാഹിത്യരൂപമാണ് ചെറുകഥ. ഇതിഹാസകഥകളും പുരാണകഥകളും കഥാസരിത്സാഗരവും പഞ്ചതന്ത്രകഥകളും വിക്രമാദിത്യകഥകളും ജാതകകഥകളും യവനപുരാണകഥകളും ഈസോപ്പുകഥകളും അറേബ്യൻകഥകളും ഓരോ നാട്ടിലും പറഞ്ഞു പറഞ്ഞ് പ്രചരിച്ച നാടോടിക്കഥകളും മുത്തശ്ശിക്കഥകളും എല്ലാം ഉണ്ടാക്കിയ കഥാസങ്കൽപ്പങ്ങളിൽനിന്നും തികച്ചും വിഭിന്നമാണ് ചെറുകഥയുടെ ഘടന.*

*'ഒരാൾ മറ്റു ചിലരോട് ചെയ്യുന്ന അനതിദീർഘമായ സംവാദം' എന്നാണ് ചെറുകഥക്ക് വില്യം സാരോയൺ നൽകിയ നിർവചനം. ആധുനിക പത്രപ്രവർത്തനത്തിന്റെ സന്തതിയാണ് ചെറുകഥ എന്നാണ് സോമർസെറ്റ് മോമിന്റെ അഭിപ്രായം. നോവൽ എന്ന സാഹിത്യരൂപം ചെറുകഥയ്ക്ക് മുമ്പുതന്നെ പാശ്ചാത്യസാഹിത്യത്തിൽ നിലവിലുണ്ടായിരുന്നു. നോവൽപ്രിയരായ വായനക്കാർക്കായി പത്രങ്ങൾക്ക് അതിന്റെ പരിമിതമായ സ്ഥലത്തിനുള്ളിൽ നിന്നുകൊണ്ട് പകർന്നുകൊടുക്കാൻ പറ്റുന്ന ഒരു ആഖ്യാനരൂപം അവതരിപ്പിക്കേണ്ടി വന്നു. അങ്ങനെ അവർ കണ്ടെത്തിയ പുതിയ കഥാരൂപമാണ് 'ചെറുകഥ' എന്ന സാഹിത്യരൂപമായി പരിണമിച്ചതത്രേ.*

*(കൂടുതൽ വിവരങ്ങൾക്ക് 'സർവവിജ്ഞാനകോശം'-വാല്യം 11, പേജ് 157-162 പരിശോധിക്കാം.)*

**ചെറുകഥ മലയാളത്തിൽ**

*ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ചെറുകഥ മലയാളത്തിൽ എത്തിയത്. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, മൂർക്കോത്ത് കുമാരൻ എന്നിവരാണ് മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കളിൽ പ്രമുഖർ.*

*1891 ൽ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതി 'വിദ്യാവിനോദിനി' മാസികയിൽ പ്രസിദ്ധീകരിച്ച 'വാസനാവികൃതി' ആണ് മലയാളത്തിലെ ആദ്യ ചെറുകഥയായി പരിഗണിച്ചുവരുന്നത്. ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, സി.എസ്.ഗോപാലപ്പണിക്കർ, അമ്പാടി നാരായണപ്പൊതുവാൾ, മലബാർ കെ. സുകുമാരൻ, ഇ.വി.കൃഷ്ണപിള്ള തുടങ്ങിയവരാണ് മലയാളത്തിലെ ആദ്യതലമുറയിലെ ചെറുകഥാകൃത്തുക്കൾ. വി.ടി.ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട്, കെ.പി.കേശവമേനോൻ എന്നിവരും ചെറുകഥകൾ എഴുതിയിരുന്നു.*

*തകഴി, കേശവദേവ്, വൈക്കം മുഹമ്മദ് ബഷീർ, എസ്.കെ.പൊറ്റെക്കാട്ട്, കാരൂർ നീലകണ്ഠപ്പിള്ള. ഉറൂബ്, ലളിതാംബിക അന്തർജനം തുടങ്ങിയവരുടെ രണ്ടാം തലമുറയിലാണ് മലയാള ചെറുകഥാസാഹിത്യം തനത് വ്യക്തിത്വം സ്ഥാപിച്ചെടുത്തത്. കവിതയ്ക്ക് തുല്യമായ സാഹിത്യപദവിയിലേക്ക് ചെറുകഥയെ ഉയർത്താൻ ഈ തലമുറക്ക് കഴിഞ്ഞു.*

*ടി.പത്മനാഭൻ, എം.ടി.വാസുദേവൻ നായർ, മാധവിക്കുട്ടി, കോവിലൻ, പാറപ്പുറത്ത്, തുടങ്ങിയ മൂന്നാം തലമുറ കഥാകൃത്തുക്കൾ മലയാള ചെറുകഥാസാഹിത്യത്തെ ഉയർന്ന നിലവാരത്തിലേക്ക് വളർത്തി. ഭാവത്തിലും കഥാശിൽപ്പത്തിലും പുതിയ തലങ്ങൾ കണ്ടെത്താൻ നമ്മുടെ എഴുത്തുകാർക്കു കഴിഞ്ഞിട്ടുണ്ട്.*

*കാക്കനാടൻ, ഒ.വി.വിജയൻ, എം.മുകുന്ദൻ, സേതു, സക്കറിയ, പുനത്തിൽ കുഞ്ഞബ്ദുള്ള, എം.പി.നാരായണപിള്ള, വി.കെ.എൻ എന്നിവരിലൂടെയാണ് മലയാള ചെറുകഥാപ്രസ്ഥാനം ലോകോത്തരനിലവാരം കൈവരിച്ചത്. കവിതകളിലേതിനേക്കാൾ ആധുനികതയെ അർഥവത്തായി സ്വാംശീകരിക്കാനും കഥാരചനയുടെ സമസ്തസാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ കഥാകൃത്തുകൾക്ക് കഴിഞ്ഞു.*

*അവർക്കുശേഷം വന്ന തലമുറയിൽ അക്ബർ കക്കട്ടിൽ. വി.പി.ശിവകുമാർ, ടി.വി. കൊച്ചുബാവ, സി.വി.ബാലകൃഷ്ണൻ, വി.ആർ. സുധീഷ്, യു.കെ. കുമാരൻ, പി.സുരേന്ദ്രൻ തുടങ്ങിയവർ ജീവിതത്തെ കൂടുതൽ സരളമായും സൗമ്യമായും കഥകളിൽ ആവിഷ്കരിക്കാൻ ശ്രമിച്ചുകൊണ്ട് പുതുയ രചനാതന്ത്രങ്ങൾ ഉപയോഗിക്കുകയുണ്ടായി.*

*സുഭാഷ്ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, അഷിത തുടങ്ങിയവരുടെ ഏറ്റവും പുതിയ തലമുറ മലയാള കഥാസാഹിത്യത്തെ പുതിയ മാനങ്ങളിലേക്ക് വളർത്തുന്നു.*

*തലമുറകളുടെ വേർതിരിവുകളിൽ കൃത്യമായി ഒതുക്കാൻ കഴിയാത്ത പ്രമുഖരായ അനവധി ചെറുകഥാകൃത്തുക്കളെകൊണ്ട് സമ്പന്നമാണ് മലയാളസാഹിത്യം.*

ശേഷത ഉൾക്കൊണ്ട് ആസ്വദിക്കാനുമുള്ള ശേഷി കുട്ടികൾക്ക് ലഭ്യമാക്കുക എന്നതാണ് പാഠഭാഗത്തിന്റെ മുഖ്യ ഉദ്ദേശ്യം. ഇതുവരെ പരിചയിച്ച കഥകളുടെ സ്വഭാവത്തിൽനിന്നു വ്യത്യസ്തമായ ആഖ്യാനശൈലിയും രചനാരീതിയും പ്രമേയവുമാണ് ചെറുകഥകളിലുള്ളത് എന്നു തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## സന്തോഷ് ഏച്ചിക്കാനം

പുതിയ തലമുറയിലെ ശ്രദ്ധേയനായ കഥാകൃത്ത്. 1971 ൽ കാസറഗോഡ്ജില്ലയിലെ ഏച്ചിക്കാനത്ത് ജനിച്ചു. കഥകൾക്ക് പുറമെ തിരക്കഥകളും രചിച്ചിട്ടുണ്ട്. *ഒറ്റവാതിൽ, കൊമാല, നരനായും പറവയായും, കഥാപാത്രങ്ങളും പങ്കെടുത്തവരും, ഒരു*



*ചിത്രകഥയിലെ നായാട്ടുകാർ, മംഗല്യം തന്തു നാൻ ദേന, എൻമകജെ പഠനങ്ങൾ, ഉടലുകൾ വിഭവസമൃദ്ധമായാൽ, കുമ്പളപ്പൂക്കളിൽ, ഇരുമ്പെന്ന കഥ, വാർത്താശരീരം, ഒരുപിടി ഗോതമ്പ്, പഴയ മരങ്ങൾ* എന്നിവയാണ് പ്രധാന കൃതികൾ.

കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സാഹിത്യപുരസ്കാരം, കാരൂർ ജന്മശതാബ്ദി പുരസ്കാരം, പ്രവാസി ബഷീർ പുരസ്കാരം, അബുദബി ശക്തി അവാർഡ്, ചെറുകാട് അവാർഡ്, വി.പി. ശിവകുമാർ കേളി അവാർഡ്, പത്മരാജൻ പുരസ്കാരം, മുണ്ടശ്ശേരി പുരസ്കാരം, കൊൽക്കത്ത ഭാഷാസാഹിത്യ പരിഷത്ത് അവാർഡ്, ഡൽഹി കഥാ അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

## ആശയം/ധാരണ

- ഒരു വിഷയത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് പ്രബന്ധങ്ങൾ തയാറാക്കി അവതരിപ്പിക്കുന്നതാണ് സെമിനാർ.
- കഥാവസ്തു, കഥാപാത്രങ്ങൾ, ആവിഷ്കാരം, ആഖ്യാനരീതി, പദങ്ങളും പ്രയോഗങ്ങളും എന്നിവ പരിഗണിച്ചാണ് കഥ വിശകലനം ചെയ്യേണ്ടത്.
- മഹത്തായ ആശയങ്ങൾ മനുഷ്യസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഊർജം പകരുന്നു.
- മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുകയും പ്രതിഫലേച്ഛയില്ലാതെ കർമ്മം ചെയ്യുകയുമാണ് വേണ്ടത്.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | ഭാഷാവസ്തുതകൾ | വിലയിരുത്തൽ |
|---|---|---|---|
| വായന<br>ചർച്ച -വിശകലനം<br>സെമിനാർ<br>ചിത്രരചന | താരതമ്യക്കുറിപ്പ്<br>ഡയറിക്കുറിപ്പ് | വിശേഷണങ്ങൾ | ചർച്ചയിലെ പങ്കാളിത്തം<br>ഡയറിക്കുറിപ്പ്<br>സെമിനാറിലെ പങ്കാളിത്തം |

## പ്രവർത്തനവിശകലനം

### വായിക്കാം കണ്ടെത്താം

- കുട്ടികൾ കഥ വ്യക്തിഗതമായി വായിക്കുന്നു. കഥാപാത്രങ്ങൾ, ഇഷ്ടപ്പെട്ട ഭാഗം, പ്രയോഗങ്ങൾ എന്നിവ കണ്ടെത്തി അടയാളപ്പെടുത്തുന്നു. ഏതാനും പേരുടെ അവതരണം.
- കാസറഗോഡ് ജില്ലയിൽ വ്യാപകമായി കാണുന്ന അടയ്ക്കാത്തോട്ടങ്ങളെക്കുറിച്ച്

വിശദീകരിക്കുന്നത് കഥ നടക്കുന്ന പശ്ചാത്തലം കുട്ടികൾക്ക് പരിചിതമാവാൻ സഹായിക്കും. അടയ്ക്കാത്തോട്ടങ്ങളുടെ വർണചിത്രങ്ങളോ വീഡിയോ ക്ലിപ്പിങ്ങുകളോ പ്രദർശിപ്പിക്കുന്നത് നല്ലതാണ്.

- കഥ അധ്യാപിക ഭാവാത്മകമായി വായിക്കുന്നു.
- 'വായിക്കാം കണ്ടെത്താം' എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി ഗ്രൂപ്പിൽ ചർച്ച ചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ. പൊതു ചർച്ച അധ്യാപിക ക്രോഡീകരിക്കണം.
  - ✳ ജഗൻ, ചന്ദ്രേട്ടൻ, രേഖ എന്നിവരാണ് കഥയിലെ പ്രധാനകഥാപാത്രങ്ങൾ. "ദേ, പുറത്ത് ഒരാൾ കാണാൻ വന്നിരിക്കുന്നു." എന്ന ഒരു വിളിയിലൂടെയാണ് ജഗനെയും ഭാര്യയെയും ചന്ദ്രേട്ടനെയും കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്. വിളിച്ചത് രേഖ, വിളിക്കുന്നത് ജഗനെ, വിളിച്ചു പറഞ്ഞത് ചന്ദ്രേട്ടനെക്കുറിച്ച്.
  - ✳ കുട്ടിക്കാലത്ത് തോട്ടത്തിൽ അടയ്ക്ക പെറുക്കാൻ കൂടെ പോയത്, അടയ്ക്ക മോഷ്ടിച്ചതിന് പോലീസിന്റെ അടിയേറ്റ് പിടയുന്നത് എന്നിവയാണ് ചന്ദ്രേട്ടനെക്കുറിച്ചുള്ള ജഗന്റെ ഓർമ്മകൾ.
  - ✳ ചന്ദ്രേട്ടൻ വീണ്ടും ഈ തോട്ടം അന്വേഷിച്ചു വന്നത് എന്തിനാവും എന്ന ചോദ്യത്തിന് കളവു ചെയ്തതിനുള്ള പ്രയശ്ചിത്തം, ക്രൂരമായ ശിക്ഷ ലഭിച്ചതിനുള്ള മധുരമായ പ്രതികാരം, കൃഷിയോടുള്ള അഭിനിവേശം എന്നിങ്ങനെ പല ഉത്തരങ്ങളുണ്ടാവാം.

## വിശകലനം ചെയ്യാം

- ചന്ദ്രേട്ടന്റെ രൂപഭാവങ്ങൾ വായനക്കാരുടെ മനസ്സിൽ പതിയാൻ കഥാകൃത്ത് നൽകിയ സൂചനകൾ കുട്ടികൾ സ്വയം കണ്ടെത്തി അവതരിപ്പിക്കട്ടെ.
  - ✳ രൂപവർണന
  - ✳ അവസ്ഥാവിവരണം
  - ✳ ജഗന്റെ ഓർമ്മകൾ

  എന്നിവയിൽ കഥാകൃത്ത് ഉപയോഗിച്ച സവിശേഷമായ പദങ്ങളും പ്രയോഗങ്ങളും കുട്ടികൾ പട്ടികയാക്കട്ടെ.
  - ◈ കോലൻമുടി
  - ◈ കൊത്താൻ തയാറായി നിൽക്കുന്ന മൂക്ക്
  - ◈ പിടികിട്ടാപ്പുള്ളി
  - ◈ ............................
- കഥയിലെ സൂചനകളിൽ നിന്ന് കുട്ടികളുടെ മനസ്സിൽ പതിഞ്ഞ ചന്ദ്രേട്ടന്റെ രൂപം ചിത്രമായി വരച്ച് പ്രദർശിപ്പിക്കട്ടെ.
- 'ചന്ദ്രേട്ടൻ' എന്ന കഥാപാത്രത്തെ ജഗൻ, രേഖ എന്നീ മറ്റു കഥാപാത്രങ്ങളും കഥാകൃത്ത്, വായനക്കാർ എന്നിവരും എങ്ങനെയാണ് നോക്കിക്കണുന്നത് എന്ന് ചർച്ച ചെയ്യട്ടെ.
  - ✳ ചന്ദ്രേട്ടനെ ബാല്യകാലത്തെ മധുരമായ ഓർമ്മയിലെ ഇഷ്ടവ്യക്തിയായാണ് ജഗൻ കാണുന്നത്.
  - ✳ പഴയകാല പരിചയവും പറഞ്ഞ് പറ്റിക്കൂടി എന്തെങ്കിലും തരമാക്കാൻ വരുന്ന ഒരാളായാണ് രേഖ അയാളെ കാണുന്നത്.

* മനുഷ്യമനസ്സിന്റെ വിചിത്രമായ പ്രതിനിധിയായാണ് കഥാകൃത്ത് ചന്ദ്രേട്ടനെ അവതരിപ്പിക്കുന്നത്.
* പെട്ടെന്ന് വിശകലനം ചെയ്യാനാവാത്ത ഒരുപാട് പ്രത്യേകതകൾ ഉള്ളിൽ സൂക്ഷിക്കുന്ന ഒരു സവിശേഷകഥാപാത്രമായാണ് ചന്ദ്രേട്ടനെ വായനക്കാർ കാണുക.

- കഥയിലെ സൂചനകളിൽനിന്ന് ജഗന്റെ കുട്ടിക്കാലത്തെ ജീവിതവും ഇപ്പോഴത്തെ ജീവിതവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നതിലൂടെ കഥാഗതിയുടെ വളർച്ച കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയും.

## അന്നും ഇന്നും

- കഥ വായിച്ച് കുട്ടികൾ ഗ്രൂപ്പായി ചർച്ച ചെയ്ത് രണ്ടു കാലഘട്ടങ്ങളുടെ പ്രതീകങ്ങൾ കണ്ടെത്തി പൊതുവായി അവതരിപ്പിക്കട്ടെ.
- നേരിട്ടു വിവരിക്കുന്നതിനു പുറമെ കഥയുടെ കാലഘട്ടങ്ങൾ സൂചിപ്പിക്കാൻ എന്തെല്ലാമായിരിക്കും ഉപയോഗിക്കുക?
  - ◈ അതത് കാലത്തെ ജീവിതോപകരണങ്ങൾ
  - ◈ പ്രകൃതി
  - ◈ ജീവിതരീതി
- ചർച്ചയിലെ കണ്ടെത്തലുകൾ അധ്യാപിക ക്രോഡീകരിക്കണം.

*അന്ന്*

* പഴയകാലത്തെ ഗൃഹോപകരണങ്ങൾ
* കാർഷികോപകരണങ്ങൾ
* ചന്ദ്രേട്ടൻ ഉറങ്ങുന്നയിടം
* ചന്ദ്രേട്ടനോടൊപ്പം ജഗൻ കുട്ടിക്കാലത്ത് അടയ്ക്കാത്തോട്ടത്തിൽ പോയതിന്റെ വിവരണം

*ഇന്ന്*

* കാർപോർച്ച്
* വാഷ്ബേസിൻ
* തിരിഞ്ഞു നോക്കാതെയിട്ടിരിക്കുന്ന തോട്ടം.
* ചിതലരിച്ച കൃഷിപ്പുര, പായൽ നിറഞ്ഞ കിണർ.
* ഓഫീസിലെത്താനുള്ള തിരക്ക്.

## അർഥതലങ്ങൾ കണ്ടെത്താം

- കഥാന്ത്യത്തിൽ വായനക്കാരുടെ മനസ്സിൽ വൈകാരികമായ ചിന്തകൾ ഉണർത്തി കഥാലോകം അതേപടി നിലനിർത്താനായി ചില വാക്യങ്ങൾ കഥാകൃത്തുക്കൾ നിക്ഷേപിച്ച് പോകാറുണ്ട്.
- ഈ വാക്യത്തിന്റെ അർഥതലങ്ങൾ ചർച്ച ചെയ്യണം.
  - ♦ 'ഇരുട്ട്' എന്ന പദംകൊണ്ട് കഥാകൃത്ത് ഉദ്ദേശിച്ചത് എന്തായിരിക്കും?
  - ♦ അത് മനസ്സിലെ ഇരുട്ടാണോ? ഭൂതകാലത്തിന്റെ ഇരുട്ടാണോ?

- ആരുടെ തേങ്ങലാവാം അത്? (രേഖയുടെ, ജഗന്റെ, ചന്ദ്രേട്ടന്റെ, പ്രകൃതിയുടെ)
- എന്തിനായിരിക്കാം തേങ്ങുന്നത്? കുറ്റബോധത്തിന്റേതാണോ? അതോ സ്നേഹത്തിന്റെയും കടപ്പാടിന്റെയും വിവരിക്കാനാവാത്ത വികാരപ്രകടനമാണോ അത്?

- ഇത്തരം ചോദ്യങ്ങളിലൂടെ വായനക്കാരുടെ മനസ്സിൽ ഉയരാവുന്ന വിവിധ ആശയങ്ങൾ ചർച്ച ചെയ്യണം. ഇതിൽ ഏത് ഉത്തരമാണ് ശരി എന്നത് പ്രസക്തമല്ല. വായനയ്ക്കു ശേഷം കഥ കുട്ടികളുടെ മനസ്സിൽ എങ്ങനെയാണ് വിശകലനം ചെയ്യപ്പെടുന്നത് എന്നാണ് ഈ പ്രവർത്തനം ലക്ഷ്യമാക്കുന്നത്.
- പൊതുചർച്ചയ്ക്കു ശേഷം കുട്ടികൾ വ്യക്തഗതമായി കുറിപ്പ് തയാറാക്കി ഗ്രൂപ്പിൽ വായിക്കട്ടെ.

## ജഗന്റെ ഡയറി

- ഒരാളുടെ ഡയറി മറ്റൊരാൾ എഴുതുക എന്നത് സാധാരണസംഭവിക്കാത്ത കാര്യമാണ്.
- എന്നാൽ ഇവിടെ ഒരു കഥാപാത്രത്തിന്റെ ഡയറിയാണ് കുട്ടികൾ എഴുതേണ്ടത്. കഥാപാത്രവുമായി താദാത്മ്യം പ്രാപിക്കുക എന്നതാണ് കഥാസ്വാദനത്തിന്റെ ആദ്യപടി. അങ്ങനെ താദാത്മ്യം പ്രാപിക്കുമ്പോൾ കഥാപാത്രത്തിന്റെ വിചാരവികാരങ്ങൾ തന്റേതായി അനുഭവപ്പെടും. കുട്ടികൾക്ക് ഈ അനുഭവം ഉണ്ടാവാൻ വേണ്ടിയുള്ള പഠനപ്രക്രിയയുടെ ഭാഗമാണ് ഇവിടത്തെ ഈ ഡയറിയെഴുത്ത്.
- ഡയറിക്കുറിപ്പുകളുടെ വ്യത്യസ്തമായ മാതൃകകൾ പരിശോധനയ്ക്കായി ക്ലാസ് ലൈബ്രറിയിൽ ലഭ്യമാക്കണം. പ്രസിദ്ധമായ ഡയറിക്കുറിപ്പുകളും കുട്ടികൾ എഴുതിയവയിൽനിന്ന് മികച്ചതും ഉപയോഗിക്കാം.
- ഇവിടെ സൂചിപ്പിച്ച അനുഭവത്തെക്കുറിച്ച് ചില ലഘുചോദ്യങ്ങളിലൂടെ പൊതുചർച്ചയാവാം.

### ഡയറിക്കുറിപ്പ്

*ഡയറി എഴുതുന്നത് ആത്യന്തികമായി എഴുതിയ ആൾക്കുതന്നെ വായിക്കാനാണ്. അത് മറ്റുള്ളവർ വായിക്കാനിടയാവുന്നത് രചനാബാഹ്യമായ കാരണങ്ങൾ കൊണ്ടാണ്. അതിനാൽ ഡയറിയെഴുത്തിൽ തികച്ചും വ്യക്തിഗതമായ സമീപനങ്ങളാണ് സ്വീകരിക്കേണ്ടത്.*

* *ആശയസംഗ്രഹം*
* *അനുഭവങ്ങളുടെ തീക്ഷ്ണത പ്രതിഫലിക്കുന്ന ആത്മനിഷ്ഠമായ ഭാഷ.*
* *സ്വന്തം കാഴ്ചപ്പാട്*

*എന്നിവയാണ് ഡയറിക്കുറിപ്പിന്റെ സവിശേഷതകൾ.*

*എഴുത്തിന്റെ രീതി ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കും. ചിലർ വിശദാംശങ്ങൾ ചേർക്കും. ചില സൂചനകൾ മാത്രമാവും മറ്റു ചിലരുടേതിൽ ഉണ്ടാവുക. പ്രതീകാത്മകമായ ചില പ്രയോഗങ്ങളും ഉപയോഗിച്ചേക്കാം.*

*വ്യത്യസ്തമായ രൂപങ്ങൾ ഡയറിക്കുറിപ്പിന് ഉപയോഗിക്കാം. (കവിത, ചിത്രം മുതലായവ)*

*എഴുതുന്ന കാലത്തെ ജീവിതാനുഭങ്ങൾ, സംഭവഗതികൾ എന്നിവയെല്ലാം ഡയറിക്കുറിപ്പിൽ പ്രതിഫലിക്കും.*

- ചന്ദ്രേട്ടൻ മർദ്ദനത്തിനിരയായ സംഭവം ജഗന്റെ മനസ്സിൽ ഉണ്ടാക്കിയ പ്രതികരണം എന്തായിരിക്കും?
- ആ സംഭവം വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ ഉണ്ടാവുന്ന വിചാരവികാരങ്ങൾ എന്തൊക്കെയാണ്?

- ചർച്ചയ്ക്കു ശേഷം വ്യക്തിഗതമായി എഴുതി ഗ്രൂപ്പിൽ വായിച്ച് പരസ്പരം വിലയിരുത്തട്ടെ. പിന്നീട് മെച്ചപ്പെടുത്തിയെഴുതി പൊതുവായി വായിക്കാം.

## വാക്കിന്റെ ഭംഗി

- വിശേഷണപദങ്ങൾ വാക്കിന്റെ അർഥത്തെ എത്രമാത്രം സുവ്യക്തമായി മനസ്സിൽ പതിപ്പിക്കുന്നു എന്നു തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്. വിശേഷണങ്ങൾ കൂടിവരുന്തോറും ആശയം കൂടുതൽ തെളിഞ്ഞു വരുകയും മനസ്സിൽ ഒരു ചിത്രം രൂപപ്പെടുകയും ചെയ്യും. കുട്ടികൾക്ക് ഇതിലൂടെ ഉത്തരം കണ്ടെത്താൻ കഴിയുന്ന വിധത്തിൽ ലഘുചോദ്യങ്ങൾ ഉന്നയിക്കാം.
    - ♦ മുറി എന്നു മാത്രം പറയുമ്പോഴും തേയ്ക്കാത്ത മുറി എന്നു പറയുമ്പോഴും മനസ്സിൽ രൂപപ്പെടുന്ന ചിത്രത്തിന്റെ വ്യത്യാസമെന്ത്?
        - ✳ മുറി എന്നു പറയുമ്പോൾ അത് എങ്ങനെയുമാവാം. കൃത്യമായ ഒരു രൂപം മനസ്സിൽ ഉണ്ടാവുന്നില്ല. തേയ്ക്കാത്ത മുറി എന്നു പറയുമ്പോൾ മുറിയുടെ അവസ്ഥ ഊഹിക്കാൻ കഴിയുന്നു.
    - ♦ കുത്തരിയുടെ മണമുള്ള തേയ്ക്കാത്ത മുറി എന്നു പറയുമ്പോഴുള്ള വ്യത്യാസം എന്ത്?
        - ✳ മുറിയുടെ അവസ്ഥയെക്കുറിച്ചുള്ള ചിത്രവും മുറിക്കകത്തെ ഗന്ധവും ഒന്നിച്ച് മനസ്സിലേക്ക് വരും. ഇത് പ്രസ്തുത മുറിയിലെത്തിയ തോന്നൽ വായനക്കാരിൽ ഉണ്ടാക്കും.
- മുറിയുടെ വിശേഷണങ്ങളാണ് തേയ്ക്കാത്ത, മണമുള്ള എന്നിവ. മണത്തിനു വേറെ വിശേഷണമുണ്ട്; കുത്തരിയുടെ മണം. ഓരോ വിശേഷണം ചേർക്കുമ്പോഴും ഉദ്ദിഷ്ട വസ്തുവിന്റെ കൂടുതൽ സൂക്ഷ്മമായ ധാരണ കിട്ടുന്നു. എന്നുവച്ച് എത്രയെങ്കിലും വിശേഷണം ചേർത്താൽ വാക്യം സ്ഥൂലവും വിരസവുമാകും.

## കഥ പറയും രീതി- സെമിനാർ

- ചെറുകഥകളിലെ ആഖ്യാനരീതിയുടെ സവിശേഷത തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്. അധ്യാപികയുടെ മേൽനോട്ടത്തിലും സഹായത്തിലുമാണ് ഇത് നടത്തേണ്ടത്.
- കൊടുത്ത വിഷയസൂചനകൾ ഓരോ ഗ്രൂപ്പിനുമായി നൽകി ചർച്ചചെയ്യട്ടെ. വ്യത്യസ്ത സ്വഭാവത്തിലുള്ള കഥകൾ പരിശോധിക്കാനായി ഗ്രൂപ്പിൽ നൽകണം.
- ഓരോ ഉപവിഷയങ്ങളുടെയും വിശദാംശങ്ങൾ ഗ്രൂപ്പ് ചർച്ചയ്ക്ക് വിധേയമാക്കണം.
    - ◈ <u>കഥ പറയുന്നയാൾ</u>

      കഥാകൃത്ത് നേരിട്ട് പറയൽ, കഥാപാത്രം കഥ പറയൽ
    - ◈ <u>കഥയുടെ തുടക്കവും ഒടുക്കവും</u>

      സംഭവങ്ങൾ നടക്കുന്ന ക്രമത്തിലുള്ള തുടക്കവും ഒടുക്കവും, ഓർമ്മകളിലൂടെയുള്ള തുടക്കം, പറഞ്ഞു പൂർത്തിയാക്കാതെയുള്ള അവസാനിപ്പിക്കൽ, സംഭവത്തിന്റെ ക്രമത്തിന് വിപരീതമായും ക്രമം തെറ്റിച്ചുമുള്ള തുടക്കവും ഒടുക്കവും.
    - ◈ <u>കഥാപാത്രങ്ങളുടെ അവതരണം</u>

      വാങ്മയചിത്രത്തിലൂടെ, സന്ദർഭങ്ങളുടെ വിവരണത്തിനിടയിൽ, പ്രത്യേകതകളില്ലാതെ സ്വാഭാവികമായി.
    - ◈ <u>പദങ്ങളും പ്രയോഗങ്ങളും</u>

      കഥയുടെ പ്രമേയത്തിനു യോജിച്ച പദപ്രയോഗങ്ങൾ, ആലങ്കാരികമായ പദങ്ങളും പ്രയോഗങ്ങളും, പ്രാദേശികഭാഷാഭേദമനുസരിച്ചുള്ള പദപ്രയോഗങ്ങൾ, സന്ദർഭത്തിന്റെ വൈകാരികത ഉൾക്കൊള്ളാനുതകുന്ന പ്രയോഗങ്ങൾ.

**സെമിനാർ**

*ഏതെങ്കിലുമൊരു വിഷയത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തി തയാറാക്കുന്ന പ്രബന്ധങ്ങൾ അവതരിപ്പിക്കുകയാണ് സെമിനാറിന്റെ രീതി. വിഷയത്തെ ആവശ്യാനുസരണം ഉപവിഷയങ്ങളായി തിരിച്ച് ഓരോന്നിനെക്കുറിച്ചും പ്രത്യേകമായ പ്രബന്ധങ്ങൾ അവതരിപ്പിക്കേണ്ടതാണ്. ഇതിനു മുമ്പായി വിഷയത്തെ സമഗ്രമായി പരിശോധിച്ചുകൊണ്ടുള്ള വിഷയാവതരണം നടക്കണം.*

*വിഷയത്തിന്റെ സവിശേഷതയും വിഷയം ചർച്ച ചെയ്യുന്നതിന്റെ പ്രാധാന്യവുമാണ് അധ്യക്ഷന്റെ ആമുഖഭാഷണത്തിൽ ഉണ്ടാവേണ്ടത്. അവസാനം വിഷയാവതാരകനും മറ്റ് പ്രബന്ധാവതാരകരും ഉന്നയിച്ച പ്രധാനാശയങ്ങൾ ക്രോഡീകരിച്ച് അധ്യക്ഷൻ സംസാരിക്കണം. ഇതിനു മുമ്പ് സൗകര്യം അനുസരിച്ച് ശ്രോതാക്കൾക്ക് പ്രബന്ധാവതകരോട് പ്രസക്തമായ ചോദ്യങ്ങൾ ഉന്നയിച്ച് ആശയവ്യക്തത വരുത്താൻ അവസരം നൽകാം. സെമിനാറിന്റെ വിഷയത്തിൽ താൽപ്പര്യമുള്ളവരെയാണ് ശ്രോതാക്കളായി പ്രതീക്ഷിക്കുക.*

- വ്യത്യസ്ത ആഖ്യാനരീതികളുള്ള ചെറിയ കഥകൾ അന്വേഷണത്തിനായി ക്ലാസ് ലൈബ്രറിയിൽ ലഭ്യമാക്കണം. (മുൻക്ലാസുകളിൽ പഠിച്ച കഥകളും ഉപയോഗിക്കാമല്ലോ)
- ഗ്രൂപ്പ് ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങൾ പൊതുവായ അവതരണത്തിലൂടെ മെച്ചപ്പെടുത്തി ചാർട്ടിൽ എഴുതണം.
- ഉപവിഷയങ്ങൾ ഓരോന്നും അതത് ഗ്രൂപ്പിൽ പ്രബന്ധമായി എഴുതി തയാറാക്കണം. അവതരണത്തിനായി ഗ്രൂപ്പിൽനിന്ന് ഒരാളെ അവർ തന്നെ കണ്ടെത്തട്ടെ.
- സെമിനാറിന്റെ സംഘാടനം പ്രധാനമാണ്.
  - ✳ സമയം നിശ്ചയിക്കൽ
  - ✳ കാര്യപരിപാടി തയാറാക്കൽ
  - ✳ നോട്ടീസ് തയാറാക്കൽ
  - ✳ വേദിയൊരുക്കൽ
  - ✳ പ്രചാരണം

  തുടങ്ങിയ കാര്യങ്ങൾ കുട്ടികൾ തന്നെ ചെയ്യണം. എല്ലാ കുട്ടികൾക്കും സംഘാടനത്തിൽ പങ്കാളിത്തം ഉറപ്പാകുംവിധം ചുമതലകൾ സ്വയം വീതിച്ചെടുക്കട്ടെ.
- സെമിനാറിൽ അവതരിപ്പിക്കുന്ന പ്രധാനാശയങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് കുട്ടികൾ വ്യക്തിഗതമായി എഴുതണം.
- സെമിനാറിലെ പ്രബന്ധങ്ങൾ ചേർത്ത് പതിപ്പുണ്ടാക്കി പ്രകാശനം ചെയ്യാം.

## പഠനനേട്ടങ്ങൾ

- ചെറുകഥയുടെ രചനാരീതി, വൈവിധ്യം തുടങ്ങിയ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു.
- കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കഥയിലെ അവരുടെ സ്ഥാനവും കണ്ടെത്തി വിശകലനം ചെയ്യുന്നു.
- വിഷയത്തിനും സന്ദർഭത്തിനും യോജിച്ച പ്രയോഗങ്ങൾ, ശൈലികൾ എന്നിവ എഴുത്തിൽ ഉപയോഗിക്കുന്നു.

# 4.2.2 വീണപൂവ്

**കു**മാരനാശാന്റെ ഖണ്ഡകാവ്യമായ 'വീണപൂവി'ന്റെ തുടക്കത്തിലുള്ള ഇരുപതു വരികളാണ് പാഠഭാഗത്തുള്ളത്. പൂവിനോട് എന്ന മട്ടിൽ മനുഷ്യജീവിതത്തിന്റെ അവസ്ഥാവിശേഷങ്ങൾ സ്വയം പറയുകയാണ് കവി. സകല ചരാചരങ്ങളുടെയും അവസ്ഥ പ്രകൃതിയുടെ നീതിയായി പൂവിൽ യുക്തിസഹമായി ആരോപിക്കുന്ന തരത്തിലാണ് 'വീണപൂവ്' ആവിഷ്ക്കരിച്ചിരിക്കുന്നത്.

ഏവരുടെയും മനസ്സിനെ ആകർഷിക്കുന്ന പ്രകൃതിവിഭവമാണ് പൂവ്. അതുകൊണ്ടുതന്നെ അതിനെ കാവ്യപ്രതീകമായി ഉപയോഗിക്കുന്നതിലൂടെ കവിതയുടെ ആകർഷണീയതയും വർധിക്കുന്നു. പൂവിന്റെ ക്ഷണികജീവിതത്തിന്റെ അവസ്ഥാന്തരങ്ങളിലൂടെ ആത്മവിചാരം ചെയ്യുമ്പോൾ ജീവിതത്തെ മുഴുവനായി വിലയിരുത്താനാവുന്നു.

ഒരു സ്വപ്നം മനസ്സിൽ നിലനിൽക്കുമ്പോഴും പ്രകൃതിയിലെ യാഥാർഥ്യങ്ങളോട് പൊരുത്തപ്പെടേണ്ടി വരും എന്നതാണ് കവിത നൽകുന്ന ആശയം. ജീവിതം നശ്വരമാണെങ്കിലും അതിനെ അർഥപൂർണമാക്കാനാണ് നാം ശ്രമിക്കേണ്ടത് എന്നാണ് ആശാൻ ഈ കവിതയിലൂടെ പറയുന്നത്. സ്വപ്നം നിരർഥകമായാലും അതിനെ ഉപേക്ഷിക്കേണ്ടതില്ല.

ആശാൻ കവിതയുടെ സൗന്ദര്യം പരിചയപ്പെടുക, പ്രതീകാത്മകമായ കവിതാരീതിയുടെ സവിശേഷത തിരിച്ചറിയുക എന്നിവയാണ് ഈ പാഠഭാഗം ലക്ഷ്യമാക്കുന്നത്. മലയാളകവിതാചരിത്രത്തിലെ നാഴികക്കല്ലായ ഒരു കൃതിയിലേക്ക് കുട്ടികളുടെ

**വീണപൂവ്**

*1907 ൽ ആണ് കുമാരനാശാൻ വീണപൂവ് രചിക്കുന്നത്. തലശ്ശേരിയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'മിതവാദി'എന്ന മാസികയിൽ അത് ആദ്യമായി പ്രസിദ്ധീകരിച്ചു. ആശാന്റെ കവിപ്രതിഭ ഏറ്റവും പ്രകാശമാനമായി തിളങ്ങിയ ആദ്യത്തെ കൃതിയായാണ് 'വീണപൂവി'നെ കണക്കാക്കുന്നത്.*

*ഖണ്ഡകാവ്യം എന്ന വിഭാഗത്തിൽപ്പെടുത്താവുന്ന ഈ കൃതി പാശ്ചാത്യ സമ്പ്രദായത്തിലുള്ള കാവ്യവിഭജനമനുസരിച്ച് 'അർച്ചനാഗീത'ത്തിൽ (Odes) ആണ് ഉൾപ്പെടുന്നത്. എന്തിനെയെങ്കിലും അഥവാ ആരെയെങ്കിലും അഭിസംബോധന ചെയ്തുകൊണ്ട്, ഏതാണ്ടൊരു പ്രസംഗരൂപത്തിൽ, അവതരിപ്പിക്കുന്ന വികാരവിചാരങ്ങളോടുകൂടിയ പ്രൗഢമായ സൂക്തങ്ങളാണ് അർച്ചനാഗീതങ്ങൾ. യുക്തിക്കു വിധേയമായ ചിന്താപരിണാമത്തോടെ ഉന്നതമായ ഒരാശയത്തെയാണ് അത് സംവേദനം ചെയ്യുക. പദ്യാത്മകമായ ഒരു പ്രഭാഷണസ്വഭാവം പലപ്പോഴും അത് പ്രകടിപ്പിക്കുന്നുണ്ടാവും.*

*'ഹാ!' എന്ന ശബ്ദത്തോടെയാണ് വീണപൂവ് ആരംഭിക്കുന്നത്. 'കഷ്ടം' എന്ന പദത്തിൽ അവസാനിക്കുകയും ചെയ്യുന്നു (.......അവനി വാഴ്വു കിനാവു, കഷ്ടം!). അങ്ങനെ 'ഹാ, കഷ്ടം!' എന്ന ആത്മഗതത്തിനിടയിലെ വിചാരങ്ങളാണ് കവിതയിലുള്ളതെന്ന് നിരൂപകർ വിലയിരുത്തുന്നു.*

*"മലയാളസാഹിത്യനഭോമണ്ഡലത്തിൽ അപൂർവമായ പ്രകാശത്തോടുകൂടിയ ഒരു ജ്യോതിസ്സിന്റെ ആവിർഭാവമാണ് 'വീണപൂവ്' കുറിച്ചത്" എന്ന് നിരീക്ഷിച്ചത് മഹാകവി ഉള്ളൂരാണ്.*

ശ്രദ്ധ ആകർഷിക്കാനും മലയാളകവിതയുടെ വളർച്ച മനസ്സിലാക്കാനും സാധിക്കും വിധത്തിലുള്ള പഠനപ്രവർത്തനങ്ങളാണ് ഇതിൽ നൽകിയിരിക്കുന്നത്.

## കുമാരനാശാൻ



കവിത്രയത്തിൽ ഒരാൾ. 1873 ഏപ്രിൽ 12 ന് തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽനിന്ന് വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചുകൊണ്ട് മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിക്കുകയുണ്ടായി.

ശ്രീനാരായണഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി എന്ന നിലയിൽ സാമൂഹപരിഷ്കരണ പ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു. 'വിവേകോദയം' മാസികയുടെ പത്രാധിപരായിരുന്നു. മലയാളത്തിനു പുറമെ സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് എന്നീ ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു. വെയിൽസ് രാജകുമാരനിൽനിന്ന് പട്ടും വളയും ലഭിക്കുകയുണ്ടായി.

*വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ (ഖണ്ഡകാവ്യങ്ങൾ); പുഷ്പവാടി, മണിമാല, വനമാല, സ്തോത്രകൃതികൾ (കവിതാസമാഹാരങ്ങൾ); ബാലരാമായണം, ശ്രീബുദ്ധചരിതം (കാവ്യങ്ങൾ); സൗന്ദര്യലഹരി (വിവർത്തനം); വിചിത്രവിജയം, പ്രബോധചന്ദ്രോദയം (നാടകങ്ങൾ)* എന്നിവയാണ് പ്രധാന കൃതികൾ. 1924 ജനുവരി 16–ന് പല്ലനയാറ്റിൽവച്ചുണ്ടായ ഒരു ബോട്ടപകടത്തിൽ കുമാരനാശാൻ മരണമടഞ്ഞു.

## ആശയം/ധാരണ

- ആശയം, അലങ്കാരകൽപ്പനകൾ, പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞാൽ മാത്രമേ കവിതയുടെ ആസ്വാദനം നടക്കുകയുള്ളൂ.
- കവിതയുടെ രചനാരീതിയും ആവിഷ്കാരസമ്പ്രദായങ്ങളും ഓരോ കാലഘട്ടത്തിൽ വിഭിന്നങ്ങളായിരിക്കും.
- കവിത അതിന്റെ ആശയത്തിനും ഭാവത്തിനും ഇണങ്ങുന്ന താളത്തിൽ ആലപിക്കുന്നത് ആസ്വാദനത്തിലേക്കു നയിക്കുന്നു.
- ഐശ്വര്യവും പദവിയും സ്ഥിരമായി നിലനിൽക്കുന്നില്ല.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|
| വായന<br>വിശകലനം<br>കാവ്യാലാപനം | ജീവചരിത്രക്കുറിപ്പ് | കാവ്യാലാപനം<br>വിശകലനമികവ്<br>രചനയിലെ മികവ് |

## പ്രവർത്തനവിശകലനം

### വായിക്കാം കണ്ടെത്താം

- കവിതയുടെ ആശയത്തിലേക്ക് കുട്ടികളെ നയിക്കാനുതകുന്ന ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കുട്ടികൾ വ്യക്തിഗതമായി എഴുതി അവതരിപ്പിക്കട്ടെ. ചോദ്യങ്ങളുടെ ഉത്തരം ഉൾക്കൊള്ളുന്ന വരികൾ കുട്ടികൾ കണ്ടെത്തി ചൊല്ലുകയും ആശയം വിശദീകരിക്കുകയും ചെയ്യേണ്ടതുണ്ട്.
- അവതരണത്തിനു ശേഷം കവിതയിലെ ആശയം പൊതുചർച്ചയിലൂടെ വ്യക്തമാക്കണം.
    - ⁕ പൂവിന്റെ ശൈശവം (പല്ലവപുടങ്ങളുടെ ലാളന, ആലോലവായുവിന്റെ തൊട്ടിലാട്ടൽ, ദലമർമ്മരങ്ങളുടെ താരാട്ട്, പാലൊത്ത പുതുനിലാവിലെ കുളി, ഇളയമൊട്ടുകളോടുചേർന്ന ലീലകൾ).
    - ⁕ കാലം പിന്നിട്ടപ്പോൾ വന്ന മാറ്റം (മോഹനങ്ങളായ അംഗഭംഗികൾ, വദനത്തിന്റെ ഭാവപ്പകർച്ച, കാന്തിയാർന്ന കവിൾ, പുഞ്ചിരിയുടെ പുതുമ)
- സംഘമായി കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കട്ടെ. ആലാപനം പരസ്പരവിലയിരുത്തലിനും അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കണം.

    *വിലയിരുത്തൽ സൂചകങ്ങൾ*

    - ആശയവ്യക്തത
    - ആകർഷകമായ ഈണം
    - ഉചിതമായ ഭാവപ്രകടനം
    - ശബ്ദത്തിന്റെ ക്രമീകരണം
- കവിത ആകർഷമായി ആലപിച്ചത് കേൾക്കാനുള്ള അവസരം ക്ലാസ്മുറിയിൽ ഒരുക്കുന്നു. ഇതിനായി അധ്യാപിക സ്വയം പാടിയത്, സ്കൂളിൽ നന്നായി കാവ്യാലാപനം നടത്തുന്ന കുട്ടിയോ മറ്റധ്യാപകരോ പാടിയത്, നന്നായി കാവ്യാലാപനം ചെയ്ത സി.ഡി.കൾ എന്നിവയിൽ ഏതെങ്കിലും ഉപയോഗിക്കാം. *('വീണപൂവ്' വി. മധുസൂദനൻ നായർ ആലപിച്ചത് you-tube ൽ ലഭ്യമാണ്.)*

### വിശകലനം ചെയ്യാം

- കവിതയുടെ ആശയത്തിന്റെ ബാഹ്യവും ആന്തരികവുമായ അർഥതലങ്ങൾ കണ്ടെത്താനുതകുന്ന പ്രവർത്തനമാണിത്.
- കവി പൂവിനെ മനുഷ്യജീവിതത്തിന്റെ പ്രതീകമാക്കിയതെങ്ങനെയെന്ന് ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിന്ന് കുട്ടികൾക്ക് കണ്ടെത്താനാവും വിധത്തിലുള്ള ചർച്ച നടക്കണം

കവിത വിശകലനം ചെയ്യുമ്പോൾ എത്രമാത്രം കൃത്യതയോടെ തന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു, കണ്ടെത്തലുകളുടെ യുക്തി, ഉപയോഗിച്ച ഭാഷ എന്നീ കാര്യങ്ങൾ അധ്യാപികയുടെ വിലയിരുത്തലിന് വിധേയമാക്കണം.

<u>ചർച്ചാസൂചകങ്ങൾ</u>

* പൂവിന്റെ ഉന്നതപദവി
* ജീവിതത്തിന്റെ ഐശ്വര്യവും ശോഭയും
* ജീവിതത്തിന്റെ നശ്വരത

## വാക്കിൽനിന്ന്

- ഒന്നിലധികം പദങ്ങൾ ചേർന്ന് ഒറ്റ വാക്കായി മാറുന്നതെങ്ങനെയെന്ന് തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്. പദ്യരചനയിൽ പദങ്ങൾ കൂട്ടിച്ചേർക്കുന്നത് താളഭംഗിക്ക് അത്യാവശ്യമായി വരാറുണ്ട്. അതിനാൽ കുട്ടികൾ ഇത്തരം ഒറ്റപ്പദങ്ങൾ ധാരാളമായി പരിചയപ്പെടേണ്ടതുണ്ട്.
- എല്ലാ പദക്കൂട്ടുകളും ഒരുപോലെ ആവണമെന്നില്ല എന്ന് മനസ്സിലാക്കാൻ പറ്റിയ മാതൃകകളാണ് ഇവിടെ കൊടുത്തത്. സമാനമായ പദക്കൂട്ടുകൾ പാഠഭാഗത്തുനിന്നും പുറത്തു നിന്നും കുട്ടികൾ കണ്ടെത്തിപ്പറയട്ടെ.

> ***സമാസം***
>
> *വിഭക്തിപ്രത്യയങ്ങളോ ബന്ധവാചികളായ മറ്റ് പദങ്ങളോ ഇല്ലാതെ പരസ്പരബന്ധമുള്ള പദങ്ങൾ ചേർത്ത് ഒറ്റപ്പദമാക്കിത്തീർക്കുന്ന പ്രക്രിയയാണ് സമാസം. ഒരർഥം കിട്ടത്തക്കവിധത്തിൽ സമസ്തപദങ്ങളെ പ്രത്യയങ്ങളോ മറ്റ് പദങ്ങളോ ചേർത്ത് പിരിക്കുന്നതാണ് വിഗ്രഹിക്കൽ.*

- വ്യക്തിഗതമായി കണ്ടെത്തിയത് ഗ്രൂപ്പിൽ ചർച്ചചെയ്ത് പൊതുവായി അവതരിപ്പിക്കണം
  * മരപ്പൊടി - മരത്തിന്റെ പൊടി
  * മഞ്ഞക്കിളി - മഞ്ഞനിറമുള്ള കിളി
  * പ്രതിദിനം - ദിനം തോറും
  * കൈകാലുകൾ - കൈയും കാലും
  * മാൻമിഴി - മാനിന്റേതുപോലുള്ള മിഴിയുള്ളവൾ
  * നാലഞ്ച് - നാലോ അഞ്ചോ
- പദങ്ങൾ വേർപെടുത്തിപ്പറയുമ്പോഴും ചേർത്തു പറയുമ്പോഴും വരികളിൽ വരുന്ന മാറ്റവും ചർച്ച ചെയ്യട്ടെ.

## പ്രയോഗസവിശേഷത കണ്ടെത്താം

- ഇവിടെ കൊടുത്ത വരിയിൽ 'ലാളിക്കുക' എന്ന പദം മുൻപേ ചേർത്തതിനാൽ പ്രസവിക്കുന്നതിനു മുമ്പാണ് ലാളിക്കൽ നടക്കുന്നത് എന്നു തോന്നിപ്പോവാം. 'ലാളിക്കുക' എന്ന പദം ഏതിനോടാണ് ചേർക്കേണ്ടത് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യട്ടെ.
- ലാളിച്ചു പെറ്റതല്ല, പെറ്റതിന്റെ വിശേഷണവുമല്ല. മറിച്ച് പെറ്റ ലത 'ലാളിക്കുക' ക്രിയയുടെ കർത്താവാണ്. 'പെറ്റ ലത പല്ലവപുടങ്ങളിൽ വച്ചു ലാളിച്ചു' എന്നാണ് വരികളുടെ അർഥം. അമ്മ കുഞ്ഞിനെ ലാളിക്കുന്നു എന്ന ആശയം ആദ്യമേ തന്നെ വായനക്കാരുടെ മനസ്സിലേക്കു കടന്നുവരാൻ വേണ്ടിയാണ് ആ പദം ആദ്യം ഉപയോഗിച്ചത്.

- വരികളുടെ ആശയം ഗദ്യരൂപത്തിലാക്കുമ്പോൾ ആശയത്തിന് കവി കൊടുത്ത പ്രാധാന്യം കണക്കിലെടുക്കണം.
- ആശയം കുട്ടികൾ സംഘമായി ചർച്ചചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ.

## കവിതയിൽനിന്ന് കവിയിലേക്ക്

- കവിത പരിചയപ്പെടുന്നതോടൊപ്പം കവിയെയും പരിചയപ്പെടുന്നത് ആസ്വാദനത്തിന് സഹായകമാവും. കവിയുടെ സവിശേഷമായ രചനാരീതികളും കാഴ്ചപ്പാടും ജീവിതപശ്ചാത്തലവും താൽപ്പര്യങ്ങളും മനസ്സിലാക്കിയാൽ കവിതയെ വിശകലനം ചെയ്യാൻ എളുപ്പമാണ്. അതിനാൽ കവിയുടെ ജീവചരിത്രക്കുറിപ്പ് തയാറാക്കുന്നത് കവിതാപഠനത്തിന് സഹായകമാവുന്നു. സാഹിത്യത്തിന്റെ വളർച്ച മനസ്സിലാക്കാനും ഇത് ഉപകരിക്കും.
- പ്രവർത്തനത്തോടൊപ്പം കൊടുത്ത സൂചനകൾക്കനുസരിച്ച് സംഘമായി വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കട്ടെ. പൊതുചർച്ചയിലൂടെ ആശയവ്യക്തത വരുത്താം.
- വിവരങ്ങൾ ലഭിക്കാനാവശ്യമായ പുസ്തകങ്ങൾ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കേണ്ടതുണ്ട്.
    * ആശാൻ കൃതികളുടെ സമ്പൂർണസമാഹാരം
    * മഹച്ചരിതമാല 3-ാം വാല്യം
    * സർവവിജ്ഞാനകോശം 7-ാം വാല്യം
    * കേരളസംസ്കാര ചരിത്രനിഘണ്ടു 1-ാം വാല്യം
    * കുമാരനാശാന്റെ ജീവചരിത്രമുള്ള മറ്റ് പുസ്തകങ്ങൾ
- ജീവചരിത്രക്കുറിപ്പ് വ്യക്തിഗതമായി തയാറാക്കി ഗ്രൂപ്പിൽ വായിച്ച് പരസ്പരം വിലയിരുത്തട്ടെ.

***ജീവചരിത്രക്കുറിപ്പിന്റെ സവിശേഷതകൾ***

* *വ്യക്തിപരമായ വിശദാംശങ്ങൾ (ജന്മസ്ഥലം, ജീവിതകാലം, മാതാപിതാക്കൾ, വിദ്യാഭ്യാസം, ജോലി, വഹിച്ച പദവികൾ മുതലായവ)*
* *മേഖലയിലെ സ്ഥാനവും പ്രത്യേകതകളും (സാഹിത്യത്തിലാണെങ്കിൽ ഏതെല്ലാം മേഖലകളിലാണ് രചനകൾ നടത്തിയത്, ആ മേഖലകളിൽ എങ്ങനെ വിലയിരുത്തപ്പെടുന്നു, പ്രത്യേകമായി നൽകിയ സംഭാവനയെന്ത്, പ്രധാനകൃതികൾ മുതലായവ).*
* *ജീവിതത്തിലെ സുപ്രധാന സംഭവങ്ങളും അനുഭവങ്ങളും.*
* *പരാമർശിക്കപ്പെടുന്ന വ്യക്തിയുടെ പ്രധാനപ്പെട്ട പ്രസ്താവനകൾ, ആഹ്വാനങ്ങൾ, അഭിപ്രായപ്രകടനങ്ങൾ (എഴുത്തുകാരാണെങ്കിൽ രചനയിലെ പ്രസിദ്ധമായ ഭാഗങ്ങൾ, വരികൾ) എന്നിവയും മറ്റു പ്രമുഖവ്യക്തികളുടെ നിരീക്ഷണങ്ങളും ഉദ്ധരിച്ചു ചേർക്കൽ.*
* *സ്വന്തം കാഴ്ചപ്പാടോടെയുള്ള വിലയിരുത്തൽ.*
* *വസ്തുനിഷ്ഠവും സത്യസന്ധവും അനുക്രമവുമായ വിവരണങ്ങൾ.*
* *കഴിയുന്നത്ര സംഗ്രഹിച്ചിരിക്കണം.*
* *ആകർഷകമായ തലക്കെട്ട്.*

*വിലയിരുത്തൽ സൂചകങ്ങൾ*

- ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളും സന്ദർഭങ്ങളും അനുഭവങ്ങളും വിവരിച്ചിട്ടുണ്ട്.
- സാഹിത്യത്തിലെ സ്ഥാനവും പ്രത്യേകതകളും വിവരിച്ചിട്ടുണ്ട്.
- കൃതികളെക്കുറിച്ചും ലഭിച്ച ബഹുമതികളെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ഉണ്ട്.
- ആകർഷകമായ ഭാഷ (ഘടന, ശൈലി, പ്രയോഗങ്ങൾ, ഉദ്ധരണികൾ) യാണ്.

- വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തിയെഴുതിയ ശേഷം അധ്യാപിക എഴുതിയ കുറിപ്പുമായി തട്ടിച്ചു നോക്കി മികവുകളും പരിമിതികളും തിരിച്ചറിയുന്നു.

## പഠനനേട്ടങ്ങൾ

- കവിതകളിലെ സവിശേഷമായ ആശയതലം, ബിംബകൽപ്പന, പ്രതീകങ്ങൾ എന്നിവ കണ്ടെത്തുന്നു.
- കവിതയുടെ രചനാരീതിയും സവിശേഷമായ പ്രയോഗങ്ങളും തിരിച്ചറിയുന്നു.
- കവിതൾ ആശയത്തിനും ഭാവത്തിനും താളത്തിനും അനുസരിച്ച് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.


# 4.2.3 അഴീക്കോട് സംസാരിക്കുന്നു

**കേ**രളത്തിന്റെ സാംസ്കാരികരംഗത്ത് നിറഞ്ഞുനിന്ന ബഹുമുഖപ്രതിഭയായ ഡോ. സുകുമാർ അഴീക്കോടുമായി പ്രൊഫ. എം. എൻ. കാരശ്ശേരി നടത്തിയ അഭിമുഖത്തിലെ പ്രസക്തഭാഗങ്ങളാണ് പാഠത്തിലുള്ളത്. വിവിധ വ്യക്തികളുമായുള്ള അഭിമുഖങ്ങൾ ഉൾക്കൊള്ളുന്ന, കാരശ്ശേരിയുടെ 'സംസാരം' എന്ന പുസ്തകത്തിൽനിന്നാണ് ഇത് എടുത്തിരിക്കുന്നത്. അഴീക്കോടുമായി നടത്തിയ ഒന്നിലേറെ അഭിമുഖങ്ങൾ ഇതിലുണ്ട്. അവയിൽ എല്ലാറ്റിലെയും പ്രസംഗത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങളുടെ മറുപടികൾ മാത്രമാണ് ഇവിടെ ചേർത്തിട്ടുള്ളത്.

പ്രസംഗമാണ് തന്റെ നിയോഗവും കർമ്മവും എന്നാണ് സുകുമാർ അഴീക്കോട് പറയാറുള്ളത്. കേരളത്തിൽ അങ്ങോളമിങ്ങോളം നൂറുകണക്കിന് വേദികളിലായി പതിറ്റാണ്ടുകൾ നീണ്ടുനിന്ന, അഴീക്കോടിന്റെ പ്രസംഗസപര്യ അത്യപൂർവമായ ഒരു സാംസ്കാരികപ്രവർത്തനമായിരുന്നു. പ്രസംഗകലയെ സംബന്ധിച്ച് ഇത്രയേറെ അനുഭവസമ്പത്തോടെ ആധികാരികമായി പറയാൻ മറ്റൊരാൾ ഉണ്ടായെന്നു വരില്ല. നിരന്തരം സാംസ്കാരികമായ ഇടപെടുലുകൾ നടത്തുന്ന ഒരു വ്യക്തിക്ക് സമൂഹത്തെക്കുറിച്ച് എന്തെല്ലാം സ്വപ്നങ്ങളാണ് ഉള്ളതെന്നും അതിനുവേണ്ടി വാക്കുകൾ എങ്ങനെ പ്രയോഗിക്കാമെന്നുമാണ് അഴീക്കോടിന്റെ ഈ സംഭാഷണത്തിൽനിന്ന് കുട്ടികൾക്ക് ഉൾക്കൊള്ളാനുള്ളത്.

പ്രസംഗത്തെ എന്ന പോലെ അഭിമുഖം എന്ന ആശയപ്രകടനോപാധിയും കുട്ടികൾക്ക് പരിചയപ്പെടുത്തുകയാണ് പാഠഭാഗത്തിന്റെ ഉദ്ദേശ്യം. എന്തിനെക്കുറിച്ചാണോ പ്രതികരണം ആവശ്യമുള്ളത് അതിനെക്കുറിച്ച്, ചോദ്യകർത്താവിന് വ്യക്തമായ ധാരണയുണ്ടെങ്കിൽ മാത്രമേ പ്രസക്തമായ ചോദ്യം ഉന്നയിക്കാൻ കഴിയൂ എന്ന് കുട്ടികൾക്ക് വ്യക്തമാവേണ്ടതുണ്ട്.

## സുകുമാർ അഴീക്കോട്



1926 ഫെബ്രുവരി 24 ന് കണ്ണൂർ ജില്ലയിലെ അഴീക്കോട്ട് ജനിച്ചു. ദീർഘകാലം കോളേജ് പ്രൊഫസറായി ജോലിചെയ്തു. കാലിക്കറ്റ് യൂനിവേഴ്സിറ്റി പ്രോ-വൈസ് ചാൻസലർ, ആക്ടിംങ് വൈസ് ചാൻസലർ എന്നീ പദവികളിലിരുന്നിട്ടുണ്ട്. നാഷനൽ ബുക്ക് ട്രസ്റ്റ് ചെയർമാൻ ആയിരുന്നു.

സാഹിത്യനിരൂപകൻ, മികച്ച വാഗ്മി, പ്രഗത്ഭനായ അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്. തന്റെ ധീരമായ പ്രതികരണങ്ങളിലൂടെ സാംസ്കാരിക രംഗത്ത് സജീവസാന്നിധ്യമായിരുന്നു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചു.

*തത്ത്വമസി, മലയാളസാഹിത്യ വിമർശനം, ആശാന്റെ സീതാകാവ്യം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, വിശ്വസാഹിത്യപഠനങ്ങൾ, രമണനും മലയാളകവിതയും, പുരോഗമനസാഹിത്യവും മറ്റും, ഖണ്ഡനവും മണ്ഡനവും, ഗുരുവിന്റെ ദുഃഖം, എന്തിനു ഭാരതാംബേ, ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ, അഴീക്കോടിന്റെ പ്രഭാഷണങ്ങൾ* എന്നിവയാണ് പ്രധാന കൃതികൾ. 2012 ജനുവരി 24 ന് നിര്യാതനായി.

## എം.എൻ.കാരശ്ശേരി



മുഹിയുദ്ദീൻ നടുക്കണ്ടി കാരശ്ശേരി എന്നാണ് മുഴുവൻ പേര്. 1951 ജൂലൈ 2 ന് കോഴിക്കോട് ജില്ലയിലെ കാരശ്ശേരിയിൽ ജനിച്ചു. സാഹിത്യനിരൂപകൻ, പ്രഭാഷകൻ, ഭാഷാപണ്ഡിതൻ, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. കോഴിക്കോട് സർവകലാശാലയിലെ മലയാളം വിഭാഗം തലവനായിരുന്നു.

*പുലിക്കോട്ടിൽ കൃതികൾ, വിശകലനം, തിരുമൊഴികൾ, മുല്ലാനസറുദ്ദീന്റെ പൊടിക്കൈകൾ, ഹുസ്നുൽ ജമാൽ, കുറിമാനം, തിരുവരുൾ, നവതാളം, ആലോചന, ഒന്നിന്റെ ദർശനം, കാഴ്ചവട്ടം, താരതമ്യസാഹിത്യവിചാരം, മാരാരുടെ കുരുക്ഷേത്രം, താരതമ്യസാഹിത്യചിന്ത, രജതരേഖ, പൊറ്റെക്കാട്ട്, മുല്ലാനസറുദ്ദീന്റെ നേരമ്പോക്കുകൾ, ബഷീർമാല, സാഹിത്യസിദ്ധാന്തചർച്ച, ആരും കൊളുത്താത്ത വിളക്ക്, മുസ്ലിംനാടുകളിലെ പഴഞ്ചൊല്ലുകൾ, പ്രണയദാഹം, സംസാരം, പ്രണയഹർഷം, ബഷീറിന്റെ പൂങ്കാവനം, കേരളീയത, മാപ്പിളപ്പാട്ടിന്റെ ലോകം, തെളിമലയാളം* തുടങ്ങിയവയാണ് പ്രധാന കൃതികൾ.

## ആശയം/ധാരണ

- ചർച്ചകൾ, പ്രഭാഷണം, ഉപന്യാസരചന, അഭിമുഖം തുടങ്ങിയ സന്ദർഭങ്ങളിൽ മാനകഭാഷ ഉപയോഗിക്കാറുണ്ട്.
- ഉന്നയിക്കുന്ന ചോദ്യങ്ങളുടെ പ്രസക്തിയനുസരിച്ചാണ് അഭിമുഖസംഭാഷണം മെച്ചപ്പെടുക.
- ഒരേ ആശയം വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിക്കാം.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|
| വായന വിശകലനം | റിപ്പോർട്ട് അഭിമുഖചോദ്യാവലി | വിശകലനത്തിലെ മികവ് ചോദ്യങ്ങൾ തയാറാക്കുന്നതിലെ മികവ് |

## പ്രവർത്തനവിശകലനം

### വായിക്കാം കണ്ടെത്താം

- അഭിമുഖത്തിൽ പറഞ്ഞ പ്രധാനാശയങ്ങൾ ആദ്യവായനയിലൂടെ ഉൾക്കൊള്ളാനുതകുന്ന ചോദ്യങ്ങളാണിവ. പാഠഭാഗം കുട്ടികൾ വ്യക്തിഗതമായി വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് ഉചിതമായ ഉത്തരങ്ങൾ തിരഞ്ഞെടുത്ത് പൊതുചർച്ചയ്ക്ക് വിധേയമാകകാം. അധ്യാപിക ചർച്ച ക്രോഡീകരിക്കണം.
  - ✳ അഭിമുഖത്തിന്റെ തുടക്കത്തിൽ പറയുന്ന അനുഭവത്തെക്കുറിച്ചാണ് ആദ്യചോദ്യം. അഭിമുഖങ്ങൾ തുടങ്ങുമ്പോൾ ഏതെങ്കിലും അനുഭവങ്ങളെ സ്പർശിച്ചാവുന്നത് വൈകാരികമായ ഒരന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് വായനയ്ക്കുള്ള താൽപ്പര്യം ജനിപ്പിക്കും.
  - ✳ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരമായി അഴീക്കോടിന്റെ അഭിപ്രായം അതേപടി എടുത്തു പറയുകയാണ് വേണ്ടത്. ഏതൊരു കൃതിയുടെയും വായനയ്ക്കിടയിൽ അതിലെ പ്രധാനഭാഗം കുറിച്ചെടുക്കുന്ന ശീലം കുട്ടികളിൽ ജനിപ്പിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം.

### വിശകലനം ചെയ്യാം

- അഴീക്കോടിന്റെ പ്രതികരണങ്ങളെ കുട്ടികളുടെ കാഴ്ചപ്പാടിൽ വിലയിരുത്തി പറയാനുള്ള പ്രവർത്തനമാണിത്. എന്താണ് പ്രതികരണം, അതിന്റെ യുക്തിയെന്താണ്, അതിനോട് എത്രമാത്രം യോജിക്കാം എന്നീ വശങ്ങൾ പരിഗണിച്ചാണ് വിശകലനം ചെയ്യേണ്ടത്.
- വിശകലനത്തിനു മുമ്പ് പ്രസ്തുത സന്ദർഭത്തിലെ പ്രതികരണങ്ങളെക്കുറിച്ച് പൊതു ചർച്ചയാവാം. കുട്ടികൾ വ്യക്തിഗതമായി വിശകലനം ചെയ്ത് ഗ്രൂപ്പിൽ

അവതരിപ്പിക്കട്ടെ. ഏറ്റവും ഉചിതമായത് പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്യണം.

- ✳ പ്രൊഫ. മുണ്ടശ്ശേരി ഉജ്ജ്വല വാഗ്മികളിൽ ഒരാളായതിന്റെ പിന്നിൽ വ്യക്തിത്വവും ആത്മാർഥതയുമാണുള്ളതെന്നാണ് അഴീക്കോടിന്റെ അഭിപ്രായം. പ്രസംഗത്തിനു വേണ്ടതായ നേരിയ നർമ്മരസം അദ്ദേഹത്തിലില്ല. ഗദ്യമോ പദ്യമോ ഉദ്ധരിക്കാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. ഭാവനയുടെ അംശം പോലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടാവാറില്ല. എങ്കിലും പ്രസംഗവേദികളിൽ അദ്ദേഹം അധ്യക്ഷ്യനായി നിന്നു. പേമാരി പോലെ കോരിച്ചൊരിയുന്ന ആ വാഗ്ധോരണിക്കു പിന്നിലെ ശക്തി ആത്മാർഥതയാണ്.
- ✳ വലിയസദസ്സുകളിലെ പ്രസംഗമാണ് അഴീക്കോടിനെ സംബന്ധിച്ച് പ്രധാനം എന്നാണ് അഭിപ്രായപ്പെട്ടത്.
- ✳ എല്ലാ മനുഷ്യനിലും പ്രകൃതിദത്തമായ സർഗപ്രതിഭയുണ്ട്. വിശാലമനസ്സോടെ ചുറ്റുപാടുകളെ നിരീക്ഷിക്കുകയും ലോകത്തെക്കുറിച്ച് പ്രതീക്ഷകൾ വച്ചുപുലർത്തുകയുമാണെങ്കിൽ അത് വികസിക്കുകയും കലയുടെ പ്രകാശനം ഉണ്ടാവുകയും ചെയ്യും. സന്ദർഭവും അനുകൂലസാഹചര്യവും ഉണ്ടാവുകയാണ് പ്രധാനം.

## പ്രസംഗവും പ്രസംഗകരും

- പ്രസംഗം, പ്രസംഗകൻ, ശ്രോതാവ് എന്നീ മൂന്ന് ഘടകങ്ങളെക്കുറിച്ചാണ് അഴീക്കോട് പ്രധാനമായി സംസാരിച്ചത്. വായനയിലൂടെ ഈ ആശയങ്ങൾ കുട്ടികൾ എത്രമാത്രം ഉൾക്കൊണ്ടിട്ടുണ്ട് എന്ന് പരിശോധിക്കാവുന്നതാണ്. കുട്ടികൾ തയാറാക്കുന്ന കുറിപ്പുകൾ ഈ അഭിമുഖത്തിന്റെ സംഗ്രഹമായി മാറുന്ന വിധത്തിലാവണം ചർച്ചകൾ നടക്കേണ്ടത്.
  - ✳ ആത്മാർഥതയും വ്യക്തിത്വസംപ്രേഷണവുമാണ് പ്രസംഗത്തിൽ ഉണ്ടാവേണ്ടത്. വാക്കിന്റെ ചലനശക്തി പകർന്നുകൊടുത്ത് ശ്രോതാവിനെ പ്രചോദിപ്പിക്കണം.
  - ✳ തന്റെ ആശയം ഊതിവീർപ്പിക്കാനുള്ള ബലൂണായി ശ്രോതാവിനെ പ്രസംഗകൻ കാണരുത്. എല്ലാ മനുഷ്യരിലും കലാകാരനെ കാണാൻ കഴിയണം.
  - ✳ സഹിഷ്ണുതയോടെ പ്രസംഗം കേട്ടിരിക്കാൻ ശ്രോതാവിന് കഴിയണം.

## അഭിമുഖചോദ്യാവലി

- ഈ അഭിമുഖത്തിൽ ഉന്നയിച്ച ചോദ്യങ്ങളുടെ സ്വഭാവം മനസ്സിലാക്കി തുടർചോദ്യങ്ങൾ തയാറാക്കാനുള്ള പ്രവർത്തനമാണിത്.
- പ്രതീക്ഷിക്കുന്ന തരത്തിലുള്ള ഉത്തരങ്ങൾ ലഭിക്കാൻ ചോദ്യകർത്താവ് എന്തെല്ലാം രീതികളാണ് ഉപയോഗിച്ചത് എന്ന് ആദ്യം ചർച്ചചെയ്യണം. ചില സന്ദർഭങ്ങൾ താഴെ കൊടുക്കുന്നു.
  - ◈ "ആദ്യമായി പ്രസംഗിച്ചത് ഓർമ്മയുണ്ടോ" എന്ന ചോദ്യത്തിലൂടെ പഴയകാല അനുഭവത്തിന്റെ സ്മരണ ഉണർത്തുന്നു. ഇത് ഉത്തരം പറയേണ്ടയാളെ വൈകാരികമായി ഉത്തേജിപ്പിക്കാൻ സഹായകമായി. അനുഭവസ്മരണകൾഉണ്ടാക്കുന്ന സന്തോഷം ഏതൊരാളിലും അഭിമുഖത്തിനുള്ള താൽപ്പര്യം വർധിപ്പിക്കും.

### *അഭിമുഖചോദ്യാവലി*

- *ആരുമായാണോ അഭിമുഖം നടത്തുന്നത്, അവരെ സംബന്ധിച്ച പ്രധാന വിവരങ്ങൾ (അവരുടെ ജീവചരിത്രം, പ്രവർത്തനമേഖല, കാഴ്ചപ്പാട്, ഇടപെടലുകൾ, മുതലായവ) മനസ്സിലാക്കിയിരിക്കണം.*
- *എഴുത്തുകാരോ കലാകാരന്മാരോ ആണെങ്കിൽ അവരുടെ കൃതികൾ വായിക്കുകയോ കലാപ്രകടനം ആസ്വദിക്കുകയോ ചെയ്തിരിക്കണം.*
- *അവർ മുമ്പ് പ്രകടിപ്പിച്ച ആശയങ്ങളും അവരെക്കുറിച്ച് മറ്റുള്ള പ്രമുഖർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും അറിഞ്ഞിരിക്കണം.*
- *അവരിൽനിന്ന് അറിയേണ്ട വിവരങ്ങളുടെ പട്ടിക മുൻകൂട്ടി തയാറാക്കണം.*
- *അതിനനുസരിച്ചാണ് ചോദ്യാവലി ഉണ്ടാക്കേണ്ടത്. ചോദ്യങ്ങൾ വ്യക്തവും കൃത്യവും പ്രസക്തവുമായിരിക്കണം.*
- *ചോദ്യത്തിന്റെ സ്വഭാവത്തിന് വൈവിധ്യമുണ്ടാവണം. (നേരിട്ടുള്ള ചോദ്യങ്ങൾ, ഒരഭിപ്രായം മുന്നോട്ടു വച്ച് പ്രതികരണമാരായൽ, വൈകാരികമായി ഉത്തേജിപ്പിക്കാനുതകുന്ന ചോദ്യങ്ങൾ മുതലായവ).*
- *അഭിമുഖം നടക്കുന്ന സന്ദർഭത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തണം.*
- *തയാറാക്കിയ ചോദ്യാവലി ഒരിക്കൽക്കൂടി വായിച്ച് ആവശ്യമായ മെച്ചപ്പെടുത്തലുകൾ (അപ്രസക്തമായത് ഒഴിവാക്കുക, ചില ചോദ്യങ്ങൾ ചേർത്ത് ഒന്നാക്കുക, ഭാഷ ആകർഷകമാക്കുക മുതലായവ) നടത്തണം.*
- *അഭിമുഖത്തിനിടയിൽ പറയാനിടയുള്ള ഉത്തരങ്ങൾ കൂടുതൽ വ്യക്തമാക്കാനുതകുന്ന ഉപചോദ്യങ്ങൾ കൂടി തയാറാക്കണം.*

---

◈ അഭിമുഖത്തിലെ പ്രധാനാശയത്തിലേക്ക് ഉത്തരം പറയേണ്ടയാളെ ക്രമാനുഗതമായി ക്ഷണിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ പിന്നീടുകാണാം. (ഉദാ:- പ്രസംഗകലയിൽ എത്തിപ്പെട്ട സാഹചര്യം, തന്റെ കർമ്മമണ്ഡലങ്ങൾ -അധ്യാപനവും പ്രസംഗവും തമ്മിലുള്ള താരതമ്യം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ).

◈ ചില അഭിപ്രായങ്ങൾ മുന്നിൽ വച്ച് പ്രതികരണത്തിനു ക്ഷണിക്കുന്ന മട്ടിലാണ് ചില ചോദ്യങ്ങൾ (ഉദാ:- പ്രസംഗത്തിലൂടെയുള്ള ആശയസംവാദത്തെക്കുറിച്ച്, പ്രസംഗകന്റെ ചിന്തയും ശ്രോതാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച്, പ്രസംഗിക്കുന്ന സദസ്സിനെക്കുറിച്ച് മുതലായവ)

◈ കിട്ടിയ മറുപടിക്ക് കൂടുതൽ വ്യക്തത വരുത്താൻ ഉദ്ദേശിച്ചുള്ള ചോദ്യങ്ങളുമുണ്ട്. (ഉദാ:- അവസാനത്തെ ചോദ്യം. മുൻ പറഞ്ഞ മറുപടിക്ക് കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയാണവിടെ).

- അഭിമുഖത്തിലെ ചോദ്യങ്ങളുടെ സ്വഭാവം ചർച്ചചെയ്ത് സവിശേഷതകൾ കുറിച്ചുവച്ച ശേഷം ഇനി കൂടുതലായി അറിയേണ്ട മേഖലകളെക്കുറിച്ച് പൊതുവായി ചർച്ച ചെയ്ത് ധാരണയിലെത്തണം.

  ✳ പ്രസംഗത്തിലെ ഭാഷയുടെ സ്വഭാവം, ആശയങ്ങൾ ക്രമപ്പെടുത്തുന്ന വിധം.
  ✳ സമയപരിധിക്കുള്ളിൽ പ്രസംഗിക്കാനുള്ള മാർഗങ്ങൾ.
  ✳ പ്രസംഗത്തിലെ പ്രധാനാശയങ്ങൾ കേൾവിക്കാരുടെ മനസ്സിനെ അഗാധമായി സ്പർശിക്കണം.

- ✳ പ്രസംഗം ആകർഷകമാക്കാനുള്ള തന്ത്രങ്ങൾ.
- ✳ ..............................................................................

- ഓരോ മേഖലയും ഓരോ ഗ്രൂപ്പിനു നൽകാം. വ്യക്തിഗതമായി ചോദ്യങ്ങൾ തയാറാക്കി ഗ്രൂപ്പിൽ ചർച്ച ചെയ്ത് മികച്ച ചോദ്യങ്ങൾ കണ്ടെത്തട്ടെ. പൊതുഅവതരണത്തിലെ ചർച്ചയിലൂടെ പ്രസക്തമായ ചോദ്യങ്ങൾ തിരഞ്ഞെടുക്കാം.
  - ♦ ഉദ്ദേശിച്ച ആശയങ്ങൾ ലഭ്യമാക്കാൻ തക്കവിധം പ്രസക്തമാണോ?
  - ♦ വ്യത്യസ്തമായ ചോദ്യങ്ങൾ ഉണ്ടോ?
  - ♦ അഭിമുഖത്തിനു വിധേയമാകുന്നയാളെ ആകർഷിക്കുന്നവിധത്തിലുള്ള ഭാഷാപ്രയോഗമാണോ?

  എന്നീ ഘടകങ്ങൾ വിലയിരുത്തലിന് പരിഗണിക്കണം.

## റിപ്പോർട്ടിലേക്ക്

- പഠഭാഗത്തിലെ ആശയം റിപ്പോർട്ട് രൂപത്തിൽ എഴുതുകയാണ് വേണ്ടത്.
  - ❖ ആരൊക്കെ തമ്മിലാണ് അഭിമുഖം?
  - ❖ അഭിമുഖസന്ദർഭത്തിന്റെ പ്രത്യേകത.
  - ❖ അതിലെ ഭാഷാരീതിയുടെ പ്രത്യേകതകൾ, സവിശേഷമായ പ്രയോഗങ്ങൾ (ഉദാ:- "ആശയം ഊതിവീർപ്പിക്കാനുള്ള ബലൂണല്ല....", എന്നിവയെക്കുറിച്ചുള്ള സൂചനകൾ).
  - ❖ പ്രതികരണത്തിന്റെ ശക്തിയും പ്രസക്തിയും.
  - ❖ മികച്ചതെന്നു തോന്നിയ ചില ചോദ്യങ്ങൾ.
  - ❖ മറുപടികളുടെ സംഗ്രഹം.
  - ❖ പ്രത്യേകം എടുത്തു പറയേണ്ടുന്ന ചില മറുപടികൾ.
- മുകളിൽ കൊടുത്ത കാര്യങ്ങൾ പൊതുചർച്ചയിലൂടെ വ്യക്തമാക്കിയശേഷം വ്യക്തിഗതമായി തയാറാക്കിയ റിപ്പോർട്ട് ഗ്രൂപ്പിൽ വായിച്ച് പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തിയെഴുതട്ടെ (മുകളിൽ കൊടുത്ത ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിലയിരുത്തൽ സൂചകങ്ങൾ സ്വയം വികസിപ്പിക്കട്ടെ).

> ആരുമായാണോ അഭിമുഖം നടത്തിയത്, അവരെക്കുറിച്ചുള്ള ചെറുവിവരണം, അഭിമുഖത്തിൽ പറഞ്ഞ പ്രധാനാശയങ്ങൾ, അഭിമുഖം നടത്തിയ സാഹചര്യം എന്നീ സൂചകങ്ങൾ ഉപയോഗിച്ച് റിപ്പോർട്ട് അധ്യാപിക വിലയിരുത്തേണ്ടതാണ്.

## പഠനനേട്ടങ്ങൾ

- സ്വന്തം അഭിപ്രായങ്ങൾ മാനകഭാഷയിൽ അവതരിപ്പിക്കുന്നു.
- അഭിമുഖം നടത്താനാവശ്യമായ ചോദ്യാവലി തയാറാക്കുന്നു.
- മറ്റ് വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിച്ച ആശയങ്ങൾ ക്രോഡീകരിച്ച് എഴുതി അവതരിപ്പിക്കുന്നു.

# 4.2.4 എനിക്ക് ഒരു സ്വപ്നമുണ്ട്

അമേരിക്കയിൽ വർണവിവേചനത്തിനെതിരേ സഫലമായ സമരത്തിന് നേതൃത്വം നൽകിയ മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ പ്രസിദ്ധമായ പ്രസംഗങ്ങളിലൊന്നാണ് 'എനിക്ക് ഒരു സ്വപ്നമുണ്ട്....'(I Have a Dream....). 1963 ആഗസ്ത് 28-ന് വാഷിങ്ടൺ ഡി.സി.യിലെ എബ്രഹാം ലിങ്കൻ സ്മാരകത്തിന്റെ എതിർവശത്തുള്ള 'നാഷ ണൽ മാളി'ൽ, കിങ്ങിന്റെ നേതൃത്വത്തിൽ കറുത്തവർഗക്കാർ നടത്തിയ മാർച്ചിനോടനുബ ന്ധിച്ചായിരുന്നു ആ പ്രസംഗം.

ഐതിഹാസികമായ ആ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ വിവർത്തനം ചെയ്ത താണ് ഈ പാഠഭാഗം. എല്ലാ മനുഷ്യർക്കും തുല്യനീതിയും പരിഗണനയും ഉറപ്പുവ രുത്തിക്കൊണ്ടുള്ള നന്മനിറഞ്ഞ ഒരു ലോകത്തെ സംബന്ധിച്ച് ദീപ്തമായ സ്വപ്നം മനസ്സിൽ ഉദയം ചെയ്തെങ്കിൽ മാത്രമേ മോചനമാർഗത്തിലേക്കു സഞ്ചരിക്കാനാവൂ

***വർണവിവേചനം***

*വംശത്തിന്റെയും നിറത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ ഒരു വിഭാഗം മറ്റൊരു വിഭാഗ ത്തോട്, അഥവാ വിഭാഗങ്ങളോടു കാണിക്കുന്ന വിവേചനപരമായ സമീപനമാണ് വർണവിവേചനം. ശാരീരികവും ബുദ്ധിപരവുമായ ശക്തിയുടെ പിൻബലത്തിലാണ് ഒരു വിഭാഗം മറ്റുവിഭാഗങ്ങളോട് ഇത്തരം വിവേചനങ്ങൾ കാണിച്ചിരുന്നത്.*

*പാർതീഡ് എന്നറിയപ്പെട്ട ദക്ഷിണാഫ്രിക്കയിലെ കറുത്തവരും വെളുത്തവരുമായുള്ള വിവേചനം, നാസിജർമ്മനിയിലെ ആര്യരും ജൂതരും തമ്മിലുള്ള സംഘർഷം, ഇന്ത്യയിലെ സവർണരും അവർനരും തമ്മിലുള്ള വേർതിരിവ് തുടങ്ങിയവയിലെല്ലാം വംശമഹിമ യുടെയും വർണവിവേചനത്തിന്റെയും വ്യത്യസ്ത തലങ്ങൾ അടങ്ങിയിരിക്കുന്നു. വംശീയ മായ വേർതിരിവ്, മുൻവിധി, വിദ്വേഷം, വെറുപ്പ്, വേർതിരിവ്, വിവേചനം, അതിക്രമം, അടിച്ചമർത്തൽ തുടങ്ങിയ വാക്കുകളോടു ചേർത്ത് ഒരു അധമപദമായാണ് 'വംശീയത' എന്ന പദം പരിഗണിക്കപ്പെടുന്നത്.*

*ഇതിനെതിരേ ഒരുപാട് പ്രസ്ഥാനങ്ങളും നവോത്ഥാനശ്രമങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുകയുണ്ടായി. ദക്ഷിണാഫ്രിക്കയിൽ നെൽസൺ മണ്ടേലയുടെ നേതൃ ത്വത്തിൽ, ഇന്ത്യയിൽ ഗാന്ധിജി, ശ്രീനാരായണഗുരു തുടങ്ങിയ മഹാന്മാർ നേതൃത്വം കൊടുത്ത പ്രസ്ഥാനങ്ങൾ എല്ലാം അതിന്റെ ഭാഗമാണ്.*


*"വംശീയവിവേചനം അർഥമാക്കുന്നത്; വംശം, നിറം, പിന്തുടർച്ച തുടങ്ങിയവയുടെയോ അല്ലെങ്കിൽ ദേശീയമോ പ്രാദേശികമോ ആയ ഉദ്ഭവത്തിന്റെയോ അടിസ്ഥാനത്തിൽ, രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക രംഗത്തെയോ പൊതുജീവിതത്തിലെ മറ്റേതെങ്കിലും മേഖലയിലെയോ മനുഷ്യാവകാശത്തിന്റെയോ മറ്റേതെങ്കിലും അടിസ്ഥാനാവ കാശങ്ങളുടെയോ സമാനതയ്ക്കായുള്ള ഏതെങ്കിലും തരത്തിലുള്ള അംഗീകാരത്തെയോ ആസ്വാദനത്തെയോ അനുഭവത്തെയോ കർമ്മത്തിനെയോ അസാധുവാക്കുന്നതിനോ നിഷേധിക്കുന്നതിനോ ആയ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസം, ഒഴിവാക്കൽ, നിയ ന്ത്രണം ഏർപ്പെടുത്തുന്നതിനെ ആകുന്നു." എന്ന് എല്ലാതരം വംശീയവിവേചനത്തിനും എതിരായ ഐക്യരാഷ്ട്ര സംഘടനയുടെ സാർവദേശീയ കൺവെൻഷൻ പറയുന്നു.*

*(കടപ്പാട്: വിക്കിപീഡിയ, ഒരു സ്വതന്ത്ര വിജ്ഞാനകോശം)*

എന്ന സന്ദേശവും പ്രേരണയുമാണ് ഈ പ്രസംഗം നൽകുന്നത്. സ്വപ്നവും വാക്കും തമ്മിലുള്ള പാരസ്പര്യമാണ് ഈ പ്രസംഗത്തിൽ അനുഭവിക്കാനാവുക.

ലോകത്തെ പുതിയ തിരിച്ചറിവുകളിലേക്കു നയിച്ച നിരവധി പ്രസംഗങ്ങൾ ഉണ്ടായിട്ടുണ്ട്. (സ്വാമി വിവേകാനന്ദന്റെ ഷിക്കാഗോ പ്രസംഗം-1893, എബ്രഹാം ലിങ്കന്റെ പ്രസംഗങ്ങൾ, സ്ത്രീകളുടെ വോട്ടവകാശത്തിനുവേണ്ടി 1901 ൽ മാർക്ക് ടയിൻ നടത്തിയ പ്രസംഗം മുതലായവ). അത്തരം പ്രസംഗങ്ങളിലേക്കു കുട്ടികളുടെ ശ്രദ്ധ ആകർഷിക്കാൻ ഈ പാഠത്തിലൂടെ സാധ്യമാകും. കഴിഞ്ഞ പാഠത്തിലൂടെ പ്രസംഗത്തിന്റെ സവിശേഷതകൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. ഒരു പ്രസംഗം നേരിട്ടു വായിക്കുമ്പോൾ അതിൽ അവ എത്രമാത്രം അടങ്ങിയിട്ടുണ്ട് എന്നും മറ്റു സവിശേഷതകൾ എന്തൊക്കെയെന്നും തിരിച്ചറിയാൻ ഉതകുന്ന പഠനപ്രവർത്തനങ്ങളാണ് ഈ പാഠത്തിന്റെ ഭാഗമായി ഉണ്ടാവേണ്ടത്.

## മാർട്ടിൻ ലൂഥർ കിങ് ജൂനിയർ



അമേരിക്കൻ കറുത്തവർഗക്കാർക്ക് പൗരാവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി പ്രവർത്തിച്ച പ്രധാന നേതാക്കളിൽ ഒരാളാണ് മാർട്ടിൻ ലൂഥർ കിങ് ജൂനിയർ. 1929 ജനുവരി 15-ന് അറ്റ്ലാന്റയിലാണ് അദ്ദേഹം ജനിച്ചത്. 1953 ൽ തന്റെ ഇരുപത്തിനാലാമത്തെ വയസ്സിൽ അദ്ദേഹം അലബാമ സംസ്ഥാനത്തിലെ മോണ്ട്ഗോമറിയിലെ ഡെക്സ്റ്റർ അവന്യൂ ബാപ്റ്റിസ്റ്റ് പള്ളിയിൽ പാസ്റ്ററായി.

1955–1956ലെ 'മോണ്ട്ഗോമറി ബസ് ബഹിഷ്കരണ സമര' ത്തിനു നേതൃത്വം നൽകിയത് കിങ്ങാണ്. വർണവിവേചനത്തിനെതിരേയുള്ള സമരം അദ്ദേഹത്തിന് 1964-ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിക്കൊടുത്തു. അന്ന് ഈ പുരസ്കാരത്തിന് അർഹനാകുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു കിങ് 1968 ഏപ്രിൽ 4-നു ടെന്നസി സംസ്ഥാനത്തിലെ മെംഫിസ് നഗരത്തിലെ ലൊറേൻ മോട്ടലിൽ വച്ച് ജയിംസ് ഏൾ റേ എന്ന വെള്ളക്കാരന്റെ വെടിയേറ്റ് കിങ് മരണമടഞ്ഞു.

## ആശയം/ധാരണ

- അനീതിയും അവഗണനയും അനുഭവിച്ചു ജീവിക്കുന്നവർ ലോകത്തിന്റെ പല ഭാഗത്തുമുണ്ട്. സ്വാതന്ത്ര്യവും സമത്വവും പുലരുന്ന ഒരു ലോകം സൃഷ്ടിക്കുന്നതിന് നാം പ്രയത്നിക്കണം.
- സവിശേഷമായ പ്രയോഗങ്ങൾ, ശൈലികൾ എന്നിവ പ്രസംഗത്തെ ആകർഷകമാക്കുന്നു.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | ഭാഷാവസ്തുതകൾ | വിലയിരുത്തൽ |
|---|---|---|---|
| വായന<br>ചർച്ച<br>പ്രസംഗം<br>ആശയങ്ങൾ ക്രമപ്പെടുത്തൽ | ലഘൂപന്യാസം | പ്രകാരം | ആശയങ്ങൾ ക്രമപ്പെടുത്തൽ<br>ഉപന്യാസരചന<br>പ്രസംഗരചന |

# പ്രവർത്തനവിശകലനം

## വായിക്കാം വിശദീകരിക്കാം

- പാഠഭാഗം അധ്യാപിക ഭാവമുൾക്കൊണ്ട് വായിക്കാൻ ശ്രദ്ധിക്കണം. ഒരു പ്രസംഗത്തിന്റെ സവിശേഷതകൾ വായനയിൽ പുലർത്താൻ ശ്രമിക്കുക.
  - ✳ ശബ്ദനിയന്ത്രണം
  - ✳ വൈകാരികമായ ഭാവപ്രകടനം
  - ✳ അനുയോജ്യമായ അംഗവിക്ഷേപങ്ങൾ
  - ✳ ഉചിതമായിടത്ത് നിർത്തലും നീട്ടലും
- ലോകത്തിന്റെ പല ഭാഗങ്ങളിലായി നിലവിലിരുന്ന വർണവിവേചനത്തെക്കുറിച്ച് (ദക്ഷിണാഫ്രിക്ക, അമേരിക്ക മുതലായയിടങ്ങളിൽ) ഒരു ലഘുവിവരണം കുട്ടികൾക്ക് നൽകണം.
- കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിച്ചതി ശേഷം ഈ പ്രവർത്തനം ചെയ്യാം. പ്രസംഗത്തിലെ പ്രധാനാശയങ്ങൾ കണ്ടെത്താനുള്ളതാണിത്.
- വ്യക്തിഗതമായി കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തട്ടെ. പൊതുഅവതരണത്തിലൂടെ ആശയവ്യക്തത വരുത്താം.
- പ്രസംഗത്തിലെ പ്രതീകാത്മകമായ വാക്യങ്ങൾ കുട്ടികൾ കണ്ടെത്തി അവയുടെ ആശയതലം പൊതുവായി ചർച്ചചെയ്യണം.
  - ✳ 'ഒറ്റയ്ക്ക് ഒരു നടത്തം സാധ്യമല്ല'.
  - ✳ 'അനീതിയുടെ ഇരുൾക്കുണ്ടിൽ..'
- മനുഷ്യരെ ഒന്നാക്കുന്നതിന് തടസ്സമായ എന്തെല്ലാം ഘടകങ്ങളാണ് സമൂഹത്തിലുള്ളത്, മാർട്ടിൻ ലൂഥർ കിങ്ങിന്റെ സ്വപ്നങ്ങൾ ഇപ്പോഴും പ്രസക്തമാണോ, ലോകത്ത് എല്ലാവരും തുല്യരാണോ തുടങ്ങിയ ചോദ്യങ്ങൾ കുട്ടികളുടെ സ്വതന്ത്രമായ അഭിപ്രായപ്രകടനത്തിനുള്ളതാണ്.
- തങ്ങൾക്ക് ലഭ്യമായ അറിവുകൾ വച്ച് സ്വയം വിലയിരുത്തി അഭിപ്രായം പറയാൻ അവസരം നൽകണം. ചർച്ചയിലൂടെ പൊതുനിഗമനത്തിൽ എത്തിച്ചേരാം.
  - ✳ സാമൂഹ്യമായ അനീതികൾ ഇന്നും ലോകത്തിന്റെ പലഭാഗത്തും നിലനിൽക്കുന്നുണ്ട്.
  - ✳ സാമ്പത്തികമായ അസമത്വവും വിഭാഗീയതകളും ഇനിയും തുടച്ചുനീക്കപ്പെടാൻ ബാക്കിയാണ്.
  - ✳ സമത്വസുന്ദരമായ ലോകത്തെ സ്വപ്നം കാണുന്ന മാർട്ടിൻ ലൂഥർ കിങ്ങിന്റെ വാക്കുകൾ എക്കാലവും പ്രസക്തമാണ്.
- കുട്ടികൾ പറഞ്ഞ അഭിപ്രായങ്ങളുടെ യുക്തി, അതിന് ഉപയോഗിച്ച ഭാഷയുടെ സവിശേഷത എന്നിവയാണ് അധ്യാപിക വിലയിരുത്തേണ്ടത്.

## പ്രയോഗഭംഗി കണ്ടെത്താം

- വാക്യത്തിൽ വരുന്ന അർഥവ്യത്യാസങ്ങൾ കുട്ടികൾ വ്യക്തിഗതമായി സ്വയം കണ്ടെത്തി പറയട്ടെ. പൊതുചർച്ചയിലൂടെ ആശയവ്യക്തത വരുത്താം.
  - ◈ 'മുഴങ്ങട്ടെ' എന്നു പറയുമ്പോൾ അത് ഒരു പ്രതീക്ഷയുടെയോ ആഹ്വാനത്തിന്റെയോ പ്രതീതിയാണ് ഉണ്ടാക്കുന്നത്.

*പ്രകാരം*

*പ്രകാരം എന്നാൽ മട്ടെന്നർഥം. ഒരു ധാതു തനിക്കുള്ള അർഥത്തെ ഏതു മട്ടിൽ വെളിപ്പെടുത്തുന്നുവോ, അതുതന്നെ പ്രകാരം.'നീ ഇവിടെ വാ', 'അവൻ അങ്ങോട്ടു പോകട്ടെ', 'എല്ലാവരും സത്യം പറയണം' -ഇത്യാദി വാക്യങ്ങളിൽ 'വാ', 'പോകട്ടെ', 'പറയണം' എന്ന രൂപങ്ങൾ കേൾക്കുമ്പോൾ വരുക, പോവുക, പറക എന്നീ ക്രിയകളുടെ അർഥത്തിനു പുറമേ മുറയ്ക്ക് വരുതി, നിയോഗം, ശാസന എന്നിങ്ങനെ ഓരോ വിശേഷാർഥം കൂടി തോന്നുന്നുണ്ട് അതിനാൽ 'വാ' എന്ന രൂപം വരിക എന്ന ക്രിയയെ വരുതി കൊടുക്കുന്നമട്ടിലാണ് കുറിക്കുന്നത്. അതുപോലെ 'പോകട്ടെ' എന്നത് നിയോഗിക്കുന്ന മട്ടിലും 'പറയണം' എന്നത് ശാസിക്കുന്ന മട്ടിലും ആണ്. ഇതാകുന്നു കൃതികളുടെ രൂപങ്ങളിൽ 'പ്രകാരം' എന്ന ഉപാധി.*

*നിയോഗത്തിന്റെ മട്ടിൽ ധാത്വർത്ഥത്തെ കുറിക്കുന്ന പ്രകാരം 'നിയോജകം'; വിധി എന്നു പറയുന്ന ശാസനയുടെ മട്ടിലുള്ളത് 'വിധായകം'; അനുജ്ഞ എന്നു പറയുന്ന സമ്മതത്തിന്റെ മട്ടിലുള്ളത് 'അനുജ്ഞായകം'. ഈ വക വിശേഷവിധി ഒന്നും കൂടാതെ ധാത്വർഥത്തെ തനിയെ കാട്ടുന്നത് 'നിർദേശകം'. ഇങ്ങനെ പ്രകാരം നാലു വിധം.*

*(കേരളപാണിനീയം)*

- ◈ 'മുഴങ്ങണം' എന്നാവുമ്പോൾ നിർബന്ധപൂർവമായ ഒരു പ്രേരണയായോ ആജ്ഞയായോ അത് അനുഭവപ്പെടുന്നു.

- ഇത്തരത്തിൽ പറയാവുന്ന മറ്റുവാക്യങ്ങൾ പാഠഭാഗത്തുനിന്നോ മറ്റേതെങ്കിലും രചനകളിൽനിന്നോ കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.

## ആശയം കണ്ടെത്താം

- ഈ പ്രവർത്തത്തിനു മുമ്പ് പാഠഭാഗം കുട്ടികൾ ഗ്രൂപ്പിൽ ഉച്ചത്തിൽ വായിക്കട്ടെ. വായനയെ പരസ്പരവിലയിരുത്തലിന് വിധേയമാക്കാം.
- പാഠഭാഗത്തിലെ പ്രധാനാശയങ്ങൾ കണ്ടെത്തി തരംതിരിച്ച് ക്രമപ്പെടുത്തുന്ന പ്രവർത്തനം ഗ്രൂപ്പ് ചർച്ചയിലൂടെയാണ് ചെയ്യേണ്ടത്. ഗ്രൂപ്പുകളുടെ അവതരണത്തെത്തുടർന്നുള്ള ചർച്ചയിലൂടെ പട്ടികപ്പെടുത്തലിൽ കൃത്യത വരുത്താം.

## ഉപന്യാസത്തിലേക്ക്

- മാർട്ടിൻ ലൂഥർ കിങ്ങിന്റെ പ്രസംഗത്തിന്റെ സവിശേഷതകൾ കുട്ടികൾ ഗ്രൂപ്പായി ചർച്ചചെയ്ത് പട്ടികയാക്കട്ടെ. കഴിഞ്ഞ പാഠഭാഗത്തെ ആശയങ്ങളുമായി അതിനുള്ള പൊരുത്തങ്ങൾ ചർച്ചചെയ്യാം.
- വ്യക്തിഗതമായി തയാറാക്കുന്ന ഉപന്യാസം ഗ്രൂപ്പിൽ വായിച്ച് സ്വയം മെച്ചപ്പെടുത്തി എഴുതി അവതരിപ്പിക്കണം.
  - ◈ ഉൾപ്പെടുത്തിയ ആശയങ്ങളുടെയും നിരീക്ഷണങ്ങളുടെയും നിലപാടുകളുടെയും യുക്തിയും പ്രസക്തിയും.
  - ◈ ഉപന്യാസത്തിന്റെ ഘടന (തുടക്കം, പ്രധാനാശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം).
  - ◈ ഉപയോഗിച്ച ഭാഷയുടെ സവിശേഷത (പ്രയോഗങ്ങൾ, ശൈലികൾ).
  - ◈ സ്വന്തം കാഴ്ചപ്പാട്

  മുതലായ കാര്യങ്ങൾ വിലയിരുത്തലിനായി പരിഗണിക്കാം.

## ഉപന്യാസരചനയിൽ ഏർപ്പെടുമ്പോൾ

- *എഴുതുന്ന വിഷയത്തിന്റെ വ്യാപ്തിയെക്കുറിച്ചുള്ള ധാരണ ആദ്യമേ ഉണ്ടായിരിക്കുന്നത് നന്ന്. പരമാവധി എത്ര പുറം വരെയാവാം ഉപന്യാസത്തിന്റെ ദൈർഘ്യം എന്ന ധാരണ വിഷയത്തിന്റെ അതിർത്തികൾ നിർണയിക്കുന്നതിന് സഹായകമാവും.*
- *വിഷയത്തെ സ്വയം മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ആദ്യം വേണ്ടത്. വിഷയം നിർവചിക്കാൻ ശ്രമിക്കുക, വിഷയത്തെ ഘടകങ്ങളായി തിരിച്ച് ഓരോ ഘടകത്തെയും യുക്തിപൂർവം വിശകലനം ചെയ്യുക. അങ്ങനെ ലഭിക്കുന്ന ധാരണകളെ സമന്വയിക്കുക. വിഷയത്തിന്റെ ഏതു ഘടകത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നും വിഷയത്തോടുള്ള തന്റെ നിലപാടെന്തായിരിക്കണമെന്നുമുള്ള ധാരണ രൂപപ്പെടുന്നത് അപ്പോഴായിരിക്കും. രചനയുടെ ഏറ്റവും പ്രഥമികമായ തലമാണത്. വിഷയത്തെക്കുറിച്ചുള്ള വിപുലവും വിശദവുമായ അന്വേഷണം അവിടെ ആരംഭിക്കുന്നതേയുള്ളൂ.*
- *വിഷയത്തെ സംബന്ധിച്ച് എത്ര കാര്യങ്ങളാണ് തനിക്കു പറയാനുള്ളത്, പറയുന്നതിന്റെ മുൻഗണനക്രമമെന്ത്, ഈ ആശയങ്ങളിൽ ഏറ്റവും കാതലായതേത് എന്നിവയിൽ അവബോധമുണ്ടാവണം. കാതലായ ആശയത്തോട് മറ്റുള്ളവയെ സമന്വയിക്കാൻ കഴിഞ്ഞാൽ ഉപന്യാസത്തിന് ആന്തരികമായ ജൈവഘടനയുണ്ടാവും. അപ്പോൾ ഉപന്യാസം എവിടെനിന്നാണാരംഭിക്കേണ്ടത്, രണ്ടാമതു പറയേണ്ടതെന്താണ്, പിന്നെപ്പറയേണ്ടതെന്താണ്, എന്തു പറഞ്ഞാണവസാനിപ്പിക്കേണ്ടത് തുടങ്ങിയ കാര്യങ്ങളെക്കുറിച്ചു വ്യക്തമായ ധാരണയുണ്ടാവും.*
- *ഉപന്യാസത്തിന് സാമാന്യമായ ഒരു ഘടനയുണ്ടെന്നു പറയാറുണ്ട്. ആരംഭത്തിൽ നടക്കുന്നത് വിഷയാവതരണമാണ്. എന്താണു വിഷയം, വിഷയത്തിന്റെ സാധ്യതകൾ, വിഷയം തിരഞ്ഞെടുത്തതിന്റെ ഔചിത്യം, വിഷയത്തെ ഏതു കാഴ്ചപ്പാടിലാണ് സമീപിക്കുന്നത് ഇത്രയും കാര്യങ്ങൾ ഉപന്യാസത്തിന്റെ ആമുഖമാകും. വിഷയത്തെ സംബന്ധിച്ച് പറയേണ്ട കാര്യങ്ങൾ മുൻഗണനക്രമത്തിൽ വിശദീകരിക്കുമ്പോഴാണ് പ്രബന്ധശരീരമുണ്ടാവുന്നത്. ഈ ചർച്ചയിലൂടെ ചെന്നെത്തുന്ന പ്രധാന കണ്ടെത്തലുകൾ - നിഗമനങ്ങൾ-പരസ്പരബന്ധത്തോടെ ക്രോഡീകരിക്കുമ്പോൾ ഉപസംഹാരവുമാകും.*
- *ഉണർന്നിരിക്കുന്ന മനസ്സോടെ, അനുക്രമം കാര്യങ്ങൾ ചർച്ചചെയ്തു പോവുകയാണു വേണ്ടത്. ഒരാശയം പൂർണമായും പറഞ്ഞു സ്ഥാപിച്ചിട്ടേ അടുത്ത ആശയത്തിലേക്കു കടക്കാവൂ. നമ്മുടെ ചിന്തയുടെ വികാസത്തിന്റെ താളം സൂചിപ്പിക്കുന്നതാണ് ഉപന്യാസത്തിലെ ഖണ്ഡികാവിഭജനം. ഒരു ഖണ്ഡികയിൽ ഒരാശയം സമഗ്രമായി ചർച്ചചെയ്യുക. അതിന്റെ സ്വാഭാവികമായ തുടർച്ചയെന്നു പറയാവുന്ന ആശയമേ അടുത്ത ഖണ്ഡിക ചർച്ചചെയ്യാവൂ. ഓരോ ഖണ്ഡിക പൂർത്തിയാകുമ്പോഴും വിഷയം കൂടുതൽ കൂടുതൽ സ്ഫുടമായിത്തീരണം.*

## വീഡിയോ കാണാം

- വായിച്ച പ്രസംഗവും നേരിൽ അനുഭവിക്കുന്ന പ്രസംഗവും താരതമ്യം ചെയ്യാനുള്ള പ്രവർത്തനമാണിത്. You Tube -ൽ ഈ പ്രസംഗം പൂർണരൂപത്തിലും ഭാഗികമായും ലഭ്യമാണ്. ക്ലാസ്മുറിയുടെ സൗകര്യമനുസരിച്ച് അതിന്റെ വീഡിയോ കാണിക്കുക.
- കുട്ടികൾ നിരീക്ഷിച്ച, രേഖപ്പെടുത്തിയ, അവരെ ആകർഷിച്ച ഘടകങ്ങൾ ചർച്ച ചെയ്യട്ടെ.
  - ✳ പ്രസംഗകന്റെ ശബ്ദനിയന്ത്രണം
  - ✳ അംഗവിക്ഷേപങ്ങൾ
  - ✳ നിർത്തലും നീട്ടലും ആവർത്തനങ്ങളും
  - ✳ ........................................................

## പ്രസംഗിക്കാം

- സമകാലികമായ ഏതെങ്കിലും സംഭവം, വിഷയം എന്നിവ പരിഗണിച്ച് ചർച്ചയിലൂടെ ഉചിതമായ വിഷയം തിരഞ്ഞെടുക്കാം. സ്കൂളുമായോ പ്രദേശവുമായോ ബന്ധപ്പെട്ട ഏതെങ്കിലും പൊതുപ്രശ്നങ്ങളോ ആവശ്യങ്ങളോ വിഷയമായി ഉപയോഗിക്കാവുന്നതാണ്.
- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ പൊതുവായി ചർച്ചചെയ്ത് ക്രോഡീകരിക്കട്ടെ.
- റഫറൻസിനായി ആവശ്യമായ പുസ്തകങ്ങൾ, പത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ ക്ലാസ് ലൈബ്രറിയിൽ ലഭ്യമാക്കണം.
- പ്രസംഗത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് പൊതുവായി ചർച്ച ചെയ്യണം. (സുകുമാർ അഴീക്കോടിന്റേയോ മറ്റേതെങ്കിലും പ്രമുഖ വ്യക്തികളുടെയോ പ്രസംഗത്തിന്റെ ഓഡിയോ അല്ലെങ്കിൽ വീഡിയോ കേൾപ്പിക്കാൻ കഴിഞ്ഞാൽ നല്ലത്.)
- പ്രസംഗിക്കാനുള്ള സമയം (അഞ്ച് മിനിറ്റ്) നിശ്ചയിക്കണം. ആദ്യം കുട്ടികൾ വ്യക്തിഗതമായി പ്രസംഗം എഴുതി തയാറാക്കട്ടെ.
- ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തി എഴുതിയ ശേഷം ഓരോരുത്തർക്കായി പ്രസംഗിക്കാൻ അവസരം നൽകാം.
- പ്രസംഗത്തിനാവശ്യമായ വേദി ക്ലാസിൽ ഒരുക്കണം. അധ്യക്ഷനായി ഒരാളെ നിശ്ചയിക്കുക.
- ചർച്ചയിലൂടെ സ്വയം വികസിപ്പിച്ച സൂചകങ്ങൾ ഉപയോഗിച്ച് പ്രസംഗം പരസ്പരം വിലയിരുത്തി അഭിപ്രായം പറയട്ടെ.
- മികച്ച പ്രസംഗങ്ങൾ സ്കൂളിലെ ഏതെങ്കിലും പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കണം.

### *പ്രസംഗം*

- *വിഷയത്തിന് അനുയോജ്യമായ ആശയങ്ങൾ ചർച്ചചെയ്ത് ക്രമപ്പെടുത്തിയിരിക്കണം.*
- *അഭിസംബോധന, ആമുഖം, ഉപസംഹാരം എന്നിവ വേണം.*
- *വിഷയത്തിന്റെ വ്യത്യസ്തവശങ്ങൾ പരാമർശിക്കണം.*
- *ആവശ്യാനുസരണം ഉദ്ധരണികളും ഉദാഹരണങ്ങളും ഉപയോഗിക്കണം.*
- *സമകാലികമായ സംഭവഗതികളുമായി പരമാവധി ബന്ധിപ്പിക്കണം.*
- *പറയുന്ന കാര്യങ്ങൾക്ക് പരസ്പരബന്ധവും അടുക്കും ചിട്ടയും വേണം.*
- *സ്വന്തമായ നിലപാടുകളും കാഴ്ചപ്പാടുകളും ശ്രോതാക്കളെ ബോധ്യപ്പെടുത്തുംവിധം വ്യക്തമാക്കണം.*
- *ശബ്ദനിയന്ത്രണം, ഉച്ചാരണസ്ഫുടത, ഒഴുക്ക്, ഭാവത്തിന്റെയും അംഗവിക്ഷേപങ്ങളുടെയും നിയന്ത്രിതമായ ഉപയോഗം, ഊന്നലുകൾ, നിർത്തലുകൾ എന്നിവയിൽ ശ്രദ്ധിക്കണം.*
- *ലളിതവും ആകർഷകവുമായ ഭാഷയായിരിക്കണം.*
- *ആലങ്കാരികമായ പ്രയോഗങ്ങൾ, നർമ്മം, കവിതകളിൽ നിന്നുള്ള ഉദ്ധരണികൾ എന്നിവ ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനു വേണ്ടി ഉപയോഗിക്കാം.*
- *ആത്മവിശ്വാസത്തോടെയുള്ള നിൽപ്പും ഭാവവും പ്രസംഗകന് അത്യാവശ്യമാണ്.*

## പഠനനേട്ടങ്ങൾ

- സാമൂഹികപ്രസക്തിയുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസങ്ങൾ, പ്രഭാഷണങ്ങൾ തയാറാക്കുന്നു.
- വിഷയത്തിനും സന്ദർഭത്തിനും യോജിച്ച പ്രയോഗങ്ങൾ, ശൈലികൾ എന്നിവ പ്രസംഗത്തിൽ ഉപയോഗിക്കുന്നു.

## ഞാൻ എന്നെക്കുറിച്ച്

- മുൻയൂണിറ്റിലെ ഡയറിയെഴുത്തിൽ ലഭിച്ച ഭാഷാപരമായ ശേഷികൾ ഇവിടെ എത്രമാത്രം പ്രയോജനപ്പെടുത്താൻ കഴിഞ്ഞു എന്നതിനോടൊപ്പം അതിൽ എത്രത്തോളം പുരോഗമിച്ചു എന്നും കൂടിയുള്ള പരിശോധനയാണ് ഇവിടെ നടക്കുന്നത്.
- ഡയറിയെഴുത്തിന്റെ സവിശേഷതകൾ എത്രത്തോളം തിരിച്ചറിഞ്ഞിട്ടുണ്ട് എന്നും വിലയിരുത്തപ്പെടുന്നു.
- ഇവിടെ കൊടുത്ത പ്രസ്താവനകളോട് ആണ്, അല്ല, ഭാഗികമായി ആണ് എന്നവിധത്തിലുള്ള പ്രതികരണങ്ങളാണ് രേഖപ്പെടുത്തേണ്ടത്.
- അതനുസരിച്ച് സ്വന്തം മികവുകളും പരിമിതികളും തിരിച്ചറിയാനുതകുന്ന ചർച്ച ക്ലാസിൽ നടക്കണം. തുടർന്ന് മെച്ചപ്പെടാനുള്ള കാര്യങ്ങളിൽ ഏതാണ് ആവശ്യമെന്നു കണ്ടെത്തട്ടെ.
- കവിതാപഠനത്തിൽ മുൻയൂണിറ്റിൽ കൈവരിച്ച മികവിൽനിന്ന് എത്രത്തോളം പുരോഗമിച്ചു എന്നാണ് വിലയിരുത്തേണ്ടത്. ഇതും ഇവിടെ കൊടുത്ത പ്രസ്താവനകളോടുള്ള പ്രതികരണമായി രേഖപ്പെടുത്താം.